# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുപുറം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM GP1/373 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/05/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുപുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM GP1/373 /2022 തീയ്യതി: 27/05/2022

## തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശ്രീജ. കെ | ഡെപ്യൂട്ടി ഡയറക്ടർ | 04-02-2022 | 11-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-02-2022 | 11-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ശോശാമ്മ എസ്, ഓഡിറ്റ് ഓഫീസർ

ശ്രീമതി. ആശ ജി അർ ഓഡിറ്റർ സീനിയർ ഗ്രേഡ്

ശ്രീ. ശ്രീജിത്ത് എസ് കെ, ഓഡിറ്റർ സീനിയർ ഗ്രേഡ്

ശ്രീമതി ബിന്ദുലത ബി പി ഓഡിറ്റർ സീനിയർ ഗ്രേഡ്

ശ്രീ.രാജു എസ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ക്രിസ്തുദാസ് | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| ശ്രീ.രമേഷ് ജി | സെക്രട്ടറി | 01-04-2020 | 24-12-2020 |
| ശ്രീ.നൌഷാദ് എസ് | സെക്രട്ടറി | 25-12-2020 | 17-01-2021 |
| ശ്രീ.രമേഷ് ജി | സെക്രട്ടറി | 18-12-2020 | 07-03-2021 |
| ശ്രീ.നൌഷാദ് എസ് | സെക്രട്ടറി | 08-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഉഷാകുമാരി | എച്ച് എം | 01-04-2020 | 31-03-2021 |
| ഡോ. സുബി വി പി | മെഡിക്കൽ ഓഫീസർ ഫാമിലി ഹെൽത്ത് സെന്റർ | 01-04-2020 | 31-03-2021 |
| ഡോ.ജിനു കുമാർ കെ ആർ | വെറ്റിനറി സർജൻ | 01-04-2020 | 22-05-2020 |
| ഡോ.ബിജേഷ് എസ് | വെറ്റിനറി സർജൻ | 23-05-2020 | 31-03-2021 |
| ശ്രീമതി. ഗ്രീഷ്മ എ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി അനുബാല റ്റി ഒ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ. ഇന്ദു ഗോപകുമാർ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ശ്രീമതി. ശിവാംബിക വരേണ്യ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 24-06-2020 |
| ശ്രീ. പ്രസന്നകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 25-06-2020 | 31-03-2021 |
| ശ്രീമതി സ്മിത ഗോപാൽ | സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ഡോ.സിന്ധു.പി.ആർ | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി രാജി.എം.ആർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സ്മിത ഗോപാൽ | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 01-04-2020 | 31-03-2021 |
| ശ്രീമതി മിനിമോൾ.ടി.എ | വി.ഇ.ഒ(സർക്കിൾ എ) | 01-04-2020 | 31-03-2021 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Asha G R (Senior Grade Auditor, On 24-02-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-2 |
| 3 | ഫണ്ട് വിനിയോഗം<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Sosamma.S (Audit Officer, On 01-03-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-4 |
| 5 | ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ<br>Written By: Asha G R (Senior Grade Auditor, On 24-02-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-5 |
| 6 | ക്യാഷ് പരിശോധന<br>Written By: Raju. S (Auditor, On 03-03-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Sosamma.S (Audit Officer, On 03-03-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sreejith S K (Senior Grade Auditor, On 22-02-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-8 |
| 9 | MNREGS പ്രവർത്തികളിൽ വോയ്ഡ്സ് കുറവ് ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചു- 26,021/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 22-02-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-8-1 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sosamma.S (Audit Officer, On 01-03-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-9 |
| 11 | വസ്തുനികുതി പിരിച്ചെടുക്കാൻ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Raju. S (Auditor, On 03-03-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-10 |
| 12 | ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ വസ്തുനികുതി ഡിമാന്റിൽ കുറവു വരുത്തി<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-11 |
| 13 | നികുതി നിർണയത്തിൽ കൃത്യത പുലർത്തിയില്ല.നികുതി ചോർച്ച സംഭവിച്ചു.<br>Written By: Raju. S (Auditor, On 25-02-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-12 |
| 14 | ഡെയിഡേഞ്ച്ഴ്സ് ലിസ്റ്റ് കാലികമാക്കി എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല.തനത് ഫണ്ട് കുറയുന്നു<br>Written By: Raju. S (Auditor, On 23-02-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-13 |
| 15 | തൊഴിൽ നികുതിയും,സ്ഥാപനതൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.<br>Written By: Raju. S (Auditor, On 25-02-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-14 |
| 16 | റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസും,തൊഴിൽ നികുതിയും | 1-15 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല.<br>Written By: Raju. S (Auditor, On 15-02-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | |
| 17 | വാർഷികധനകാര്യപത്രിക --വരവിലുമധികമായി ചെലവ് ബുക്ക് ചെയ്തിരിക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-16 |
| 18 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.<br>Written By: Raju. S (Auditor, On 23-02-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-17 |
| 19 | കാഷ് ബുക്ക് പരിപാലനം - അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 24-02-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-18 |
| 20 | തനതു അക്കൗണ്ടിലെ നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-19 |
| 21 | രജിസ്റ്ററുകളുടെ പരിപാലനം ഫലപ്രദമല്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 1-20 |
| 22 | കേന്ദ്ര / സംസ്ഥാന സർക്കാർ ഉൾപ്പെടെയുള്ള വിവിധ ഏജൻസികൾക്ക് ഒടുക്കുവാനുള്ള നികതി/നികുതി ഇതര ബാധ്യതകൾ ഒടുക്കുന്നില്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: Biji T (Computer Assistant, On 17-05-2022) | 1-21 |
| 23 | അർഹത ഉറപ്പുവരുത്താതെ തൊഴിൽ രഹിത വേതനം നൽകി - 81,840/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Asha G R (Senior Grade Auditor, On 24-02-2022)<br>Last Updated By: Biji T (Computer Assistant, On 17-05-2022) | 1-22 |
| 24 | സാമൂഹ്യ സുരക്ഷാ പെൻഷൻ- ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക നൽകിയിരിക്കുന്നു.<br>Written By: Asha G R (Senior Grade Auditor, On 24-02-2022)<br>Last Updated By: Biji T (Computer Assistant, On 17-05-2022) | 1-23 |
| 25 | മാറ്റി വയ്ക്കപ്പെട്ട ശമ്പളാനുകൂല്യങ്ങൾ അനുവദിച്ചതിലെ അപാകതകൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: Biji T (Computer Assistant, On 17-05-2022) | 1-24 |
| 26 | നോൺ പ്ലാൻ ചെലവ് / വൌച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: Biji T (Computer Assistant, On 17-05-2022) | 1-25 |
| 27 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയായതിനുള്ള രേഖകൾ ലഭ്യമായില്ല - 1047318/- രൂപ തടസ്സം ചെയ്യുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: Biji T (Computer Assistant, On 17-05-2022) | 1-26 |
| 28 | കൺവീനർ മുഖേന നടപ്പിലാക്കിയ പ്രവർത്തിയിൽ, വൌച്ചറുകൾ മുഖേനയുള്ള ചെലവിലധികം തുക അനുവദിച്ചും,ആവശ്യത്തിലധികം സാധനങ്ങൾ വാങ്ങിയും പ്രവർത്തി നടപ്പിലാക്കി-18,775/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 22-02-2022)<br>Last Updated By: Sreejith S K (Senior Grade Auditor, On 26-05-2022) | 1-27 |
| 29 | ചെലവ് രേഖകൾ ഹാജരാക്കിയില്ല-തുക തടസപ്പെടുത്തുന്നു-1,40,062/- രൂപ<br>Written By: Sreejith S K (Senior Grade Auditor, On 22-02-2022)<br>Last Updated By: Biji T (Computer Assistant, On 17-05-2022) | 1-28 |

| | | |
|---|---|---|
| 30 | പദ്ധതികൾ ചെറിയ തുകകൾക്ക് രൂപീകരിച്ച് ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കുന്നു-ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു<br>Written By: Sreejith S K (Senior Grade Auditor, On 22-02-2022)<br>Last Updated By: Biji T (Computer Assistant, On 17-05-2022) | 1-29 |
| 31 | എസ്റ്റിമേറ്റിലോ, എസ്റ്റിമേറ്റ് റിപ്പോർട്ടിലോ ,എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന ഭരണസമിതി തീരുമാനത്തിലോ പ്രതിപാദിക്കാത്ത Belt Concrete പ്രവർത്തി മതിൽ നിർമ്മാണത്തിൽ ഉൾപ്പെടുത്തി-തുക തടസപ്പെടുത്തുന്നു- 5269.06/- രൂപ<br>Written By: Sreejith S K (Senior Grade Auditor, On 22-02-2022)<br>Last Updated By: K Sreeja (Deputy Director, On 27-05-2022) | 1-30 |
| 32 | ഫർണ്ണിച്ചർ നിർമ്മാണത്തിന് ഉപയോഗിച്ച തടിയെ സംബന്ധിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല-തുക തടസപ്പെടുത്തുന്നു-3,51,565.51/- രൂപ<br>Written By: Sreejith S K (Senior Grade Auditor, On 22-02-2022)<br>Last Updated By: K Sreeja (Deputy Director, On 27-05-2022) | 1-31 |
| 33 | ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയില്ല-29,02,576/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 22-02-2022)<br>Last Updated By: Biji T (Computer Assistant, On 17-05-2022) | 1-32 |
| 34 | കേസിൽ ഉൾപ്പെട്ട സ്ഥലത്ത് ടാറിംഗ് നടത്തി-പ്രവർത്തി പകുതിയിൽ ഉപേക്ഷിച്ചു<br>Written By: Sreejith S K (Senior Grade Auditor, On 22-02-2022)<br>Last Updated By: Biji T (Computer Assistant, On 17-05-2022) | 1-33 |
| 35 | എസ്കവേഷൻ പ്രവർത്തിക്ക് അനുവദനീയമായതിലും ഉയർന്ന നിരക്ക് നൽകി- 1777.28രൂപ യുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 22-02-2022)<br>Last Updated By: Biji T (Computer Assistant, On 17-05-2022) | 1-34 |
| 36 | അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Sreejith S K (Senior Grade Auditor, On 22-02-2022)<br>Last Updated By: Biji T (Computer Assistant, On 17-05-2022) | 1-35 |
| 37 | റോഡ് ബേം കോൺക്രീറ്റ് പ്രവർത്തികൾക്ക് ഫോം വർക്ക് ഉൾപ്പെടുത്തി- 6717/- രൂപ തുക തിരികെ അടവാക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 22-02-2022)<br>Last Updated By: K Sreeja (Deputy Director, On 27-05-2022) | 1-36 |
| 38 | സ്റ്റീൽ വർക്കിന് ഉയർന്ന നിരക്കിനുള്ള ഡേറ്റ നൽകി-ഭാവിയിൽ അപാകത ഒഴിവാക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 22-02-2022)<br>Last Updated By: Biji T (Computer Assistant, On 17-05-2022) | 1-37 |
| 39 | വീട്ടുവളപ്പിൽ പടുതാക്കുളം മൽസ്യകൃഷി പദ്ധതിയ്ക്ക് സബ്സിഡി അധികം നൽകി<br>Written By: Sosamma.S (Audit Officer, On 01-03-2022)<br>Last Updated By: Biji T (Computer Assistant, On 17-05-2022) | 1-38 |
| 40 | പാഥേയം - പദ്ധതി നടത്തിപ്പിലെ അപാകതകൾ -674640/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Asha G R (Senior Grade Auditor, On 24-02-2022)<br>Last Updated By: Biji T (Computer Assistant, On 17-05-2022) | 1-39 |
| 41 | മുൻകാല ഓഡിറ്റ് റിക്കവറി - പരാമർശിത തുകകൾ തനത് ഫണ്ടിലേയ്ക്ക് | 1-40 |

| | | |
|---|---|---|
| | അടവാക്കി<br>Written By: Asha G R (Senior Grade Auditor, On 04-03-2022)<br>Last Updated By: Biji T (Computer Assistant, On 17-05-2022) | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: K Sreeja (Deputy Director, On 27-05-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ്<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: Biji T (Computer Assistant, On 17-05-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: BINDHULATHA BP (Senior Grade Auditor, On 02-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sosamma.S (Audit Officer, On 03-03-2022)<br>Last Updated By: K Sreeja (Deputy Director, On 27-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 02-03-2022)<br>Last Updated By: Biji T (Computer Assistant, On 16-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

24.03.2020 ലെ 1(1) നമ്പർ തീരുമാനപ്രകാരം 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. മുന്നിരിപ്പുൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 14,48,16,426/-രൂപയും പ്രതീക്ഷിത ചെലവ് 13,65,91,839/-രൂപയും നീക്കിയിരിപ്പ് 82,24,587/- രൂപയുമാണ്.

പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 24.02.2021-ലെ നമ്പർ 2(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ ഭാഗമായാണ് 2020-21 വർഷത്തെ ബജറ്റ് റിവൈസ് ചെയ്തിരിക്കുന്നത്.

ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

1. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥരോട് പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതിന്റേയും ആയത് സമർപ്പിച്ചതിന്റേയും രേഖകൾ അടങ്ങിയ ഫയൽ സൂക്ഷിച്ചിട്ടില്ല. ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്നതിന്റെയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കച്ചതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങ.ൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്. ഉദാഹരങ്ങൾ ചുവടെ

| ക്രമ നം | ഹെഡ് കോഡ് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2102004 | ജനപ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീസ് | 130000 | 162672 |
| 2 | 2207001 | തെരഞ്ഞെടുപ്പ് ചെലവുകൾ | 100000 | 162735 |
| 3 | 2308001 | മറ്റ് നടത്തിപ്പ് മെയിന്റൻസ് ചെലവുകൾ | 150000 | 191972 |
| 4 | 2522001 | ഓഫീസ് വൈദ്യുതീകരണം | 1202856 | 707500 |

3. 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ് കോഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | ധനകാര്യപത്രിക പ്രകാരം ചെലവ് |
|---|---|---|---|
| 2104001 | മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ | 600000 | 0 |

| | | | |
|---|---|---|---|
| 2201002 | റേറ്റ്സ് | 85000 | 0 |
| 2531014 | കുടിവെള്ളത്തിനുള്ള പണം നൽകൽ | 1400000 | 0 |

4. വിവിധ ഹെഡുകളിൽ യഥാർത്ഥ ചെലവിലും വളരെ കൂടിയ ചെലവാണ് റിവൈസ്ഡ് ബജറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ആർ പി പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| 2102002 മറ്റ് ബത്തകൾ | 6101 | 100000 |
| 2102005 ജനപ്രതിനിധികൾക്കുള്ള യാത്രാബത്ത | 5520 | 50000 |

ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.23/10.02.2022 ന് മറുപടി ലഭ്യമാക്കിയില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കും പ്രകാരം വരും വർഷങ്ങളിൽ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | വാർഷികധനകാര്യപത്രിക ലഭിച്ച തീയതി |
|---|---|
| 31.07.2020 | 23.07.2021 |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. എല്ലാ ചെലവുകൾക്കും നമ്പർ രേഖപ്പെടുത്തി പേയ്മെന്റ് വൗച്ചർ സൂക്ഷിച്ചിട്ടില്ല.

3. വാർഷിക കണക്കുകൾക്കൊപ്പം അനുപാതങ്ങൾ, നോട്ട്സ് ഓൺ അക്കൗണ്ട്സ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

4.കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents മായി പൊരുത്തപ്പെടുന്നില്ല.

5. Stock In Hand (Inventories) മൂല്യം സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. വരവിലുമധികം ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. ഇൻകം& എക്സ്പന്റിച്ചർ പ്രകാരം ആകെ വരവ് 124209062/- ഉം ആകെ ചെലവ് 128254394/- ഉം ആണ്.

7. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2020 ലെ ദിവസവേതന, പാർട്ട് ടൈം, കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

8. റ്റി.പി.എ അക്കൌണ്ടിന്റെ എഎഫ്.എസ് പ്രകാരമുള്ള മുന്നിരുപ്പ്, നീക്കിയിരുപ്പ് 891/- രൂപയാണ്. പ്രസ്തുത അക്കൌണ്ടിന്റ് ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധനക്കു ലഭ്യമായില്ല.

9. DCB Own Fund അക്കൗണ്ടിന്റെ നീക്കിയിരുപ്പ് ബാങ്ക് ബുക്ക് പ്രകാരം 11288893/- രൂപയും, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 11810731/- രൂപയും ആണ്. വ്യത്യാസം 521838/- രൂപ. വ്യത്യാസമുള്ള തുക സാംഖ്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Issued But Not Presented Into Bank എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. റീകൺസിലിയേഷൻ ക്രമരഹിതമാണ്. റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ അപാകതകൾ ഖണ്ഡിക ൽ)

10. വിതരണം ചെയ്ത് 3 മാസത്തിലധികമായ ചെക്കുകൾ സ്റ്റെയിൽ ചെക്കുകളായി ഉൾപ്പെടുത്തിയിട്ടില്ല. 2018 മുതലുള്ള ചെക്കുകൾ മാറിയിട്ടില്ലാത്തതായി രേഖപ്പെടുത്തി തനത് അക്കൗണ്ട് റികൺസിൽ ചെയ്തിരിക്കുന്നു.

11. ഡിപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കാത്തിനാൽ ഈയിനത്തിലെ വരവ്, ചെലവ് വിശദാംശങ്ങൾ, 3 വർഷത്തിലധികമായ

നിക്ഷേപങ്ങൾ തുടങ്ങിയവ സംബന്ധിച്ച പരിശോധന നടത്താനായില്ല.

12. എം.എൻ.ആർ.ഇ.ജി.എസ് I6 പ്രകാരമുള്ള വരവും (33447357) I14(a) പ്രകാരമുള്ള ചെലവും (33466575) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

13. എം.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിന്റെ നീക്കിയിരുപ്പ് ആർ.പി. 40(b) പ്രകാരം 40423/- രൂപയും, ബി 4 പ്രകാരം 29423/- രൂപയുമാണ്.

14. എം.എൻ.ആർ.ഇ.ജി.എസ് ധനകാര്യ പെർഫോർമൻസ് സ്റ്റേറ്റ്മെന്റ് പ്രകാരം തിരുപുറം ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചെലവ് 38755000/- രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ഇത് 33466575/- രൂപയാണ്.

15. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decreasein Cash And Cash Equivalents മായി പൊരുത്തപ്പെടുന്നില്ല.

16. 460509901 Advance To Others പ്രകാരം എം.എൻ.ആർ.ഇ.ജി.എസിൽ നിന്നും റീകൂപ്പ് ചെയ്യാനുള്ള തുക 1410899/-ആണ്. എം.എൻ.ആർ.ഇ.ജി.എസ് എ.ഇ. യുടെ സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് 512690/- ആണ്.

17. ട്രഷറി ജോയിന്റ് വെൻചർ അക്കൗണ്ടിലെ നീക്കിയിരുപ്പ് വാർഷിക കണക്കുകൾ പ്രകാരം (ആർപി 40(b)) പ്രകാരം 1047401/- രൂപയും, ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 10,00,000/- രൂപയുമാണ്. പൊരുത്തപ്പെടുത്തൽ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.

| വരവിനം | മുൻ വർഷ ബി 15 പ്രകാരം ലഭിക്കാനുണ്ടായിരുന്ന തുക | തൻ വർഷ ആർപി43 പ്രകാരം ലഭിച്ച തുക |
|---|---|---|
| 431300102 ലൈസൻസ് ഫീ (അരിയർ) | 3700 | 33700 |

18. ഇ ടെണ്ടറിൽ നിന്നുള്ള ഫാറവിലയിനത്തിൽ ഗ്രാമപഞ്ചായത്തിനു ലഭിക്കാനുള്ള തുക സംബന്ധിച്ച വിശദാംശം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

19. പ്രോപ്പർട്ടി ടാക്സ് ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.

പ്രോപ്പർട്ടി ടാക്സ് തൻവർഷം

| | സഞ്ചയ പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം |
|---|---|---|
| ഡിമാന്റ് | 2949492 | 2806897 |
| കളക്ഷൻ | 2013280 | 1962003 |
| ബാലൻസ് | 810454 | 886860 |

പ്രോപ്പർട്ടി ടാക്സ് അരിയർ

| | സഞ്ചയ പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം |
|---|---|---|
| ഡിമാന്റ് | 1603849 | 1633153 |
| കളക്ഷൻ | 558895 | 546101 |
| ബാലൻസ് | 1018199 | 1030302 |

20. തൻവർഷം ആകെ 1047318/- (999623 +29544+18151) രൂപയുടെ നിക്ഷേപ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിച്ചതിനുള്ള രേഖകൾ ലഭ്യമായിട്ടില്ല. ആർപി 47 ൽ നിക്ഷേപ പ്രവൃത്തികൾക്കായി കൈമാറിയതുക 999623 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

21. വരവ് ഹെഡുകൾ വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

| തൊഴിൽ നികുതി (ട്രേഡേഴ്സ്&ഇൻസ്റ്റിറ്റ്യൂഷൻസ്) | | | |
|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വാർഷിക കണക്കുകൾ പ്രകാരം | 139250 | 123100 | 13700 |
| രജിസ്റ്റർ പ്രകാരം | 98400 | 97150 | 1250 |
| തൊഴിൽ നികുതി (ട്രേഡേഴ്സ്&ഇൻസ്റ്റിറ്റ്യൂഷൻസ്) അരിയർ | | | |
| വാർഷിക കണക്കുകൾ പ്രകാരം | 12750 | 8900 | 3850 |
| രജിസ്റ്റർ പ്രകാരം | 31500 | 31500 | 0 |
| ലൈസൻസ് ഫീ (ഡി&ഒ) | | | |
| വാർഷിക കണക്കുകൾ പ്രകാരം | 75650 | 60650 | 12500 |
| രജിസ്റ്റർ പ്രകാരം | 61000 | 61000 | 0 |
| ലൈസൻസ് ഫീ (അരിയർ) | | | |
| വാർഷിക കണക്കുകൾ പ്രകാരം | 3700 | 33700 | 0 |
| രജിസ്റ്റർ പ്രകാരം | 18500 | 18500 | 0 |
| തൊഴിൽ നികുതി (ജീവനക്കാർ) | | | |
| വാർഷിക കണക്കുകൾ പ്രകാരം | 493460 | 472260 | 0 |
| രജിസ്റ്റർ പ്രകാരം | 473750 | 452470 | 21280 |

22. ലൈഫ് വായ്പാ/വായ്പാ തിരിച്ചടവ് വിശദാംശങ്ങൾ പൊരുത്തപ്പെടുന്നില്ല.

| തൻവർഷ വായ്പ (ആർപി പ്രകാരം) | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക (മുൻവർഷ ബി5 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ പ്രകാരം) | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക (തൻവർഷ ബി5 പ്രകാരം) |
|---|---|---|---|---|
| | | മുതൽ | പലിശ | |
| 1760000 | 24168450 | 2019372 | | 23927738 * |

(* 1760000+24168450-2019372 =23909078)

23. പോസ്റ്റ് ഷിഫ്റ്റിംഗ് - വാർഡ് 14 294/21 എന്ന പ്രവൃത്തിക്കായി നിക്ഷേപിച്ച 18151/- രൂപ വിനിയോഗ രേഖകൾ ലഭ്യമാകാതെ തന്നെ ആസ്തിയായി ഉൾപ്പെടുത്തി. പ്രോ. നം. 161/21, പ്രോ.നം. 225/21 എന്നിവ പ്രകാരം ആകെ 1,85,514/- രൂപയുടെ കമ്പ്യൂട്ടർ ഉപകരണങ്ങളും, അലമാരയും വാങ്ങിയിട്ടുണ്ടെങ്കിലും, തൻ വർഷ ആസ്തിയായി വാർഷിക കണക്കുകളിൽ (ആർപി 38) 50000/- രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

24. I18- Prior Period Income -280100104 Property Tax On Non Residential Buildings ഹെഡിൽ 243492/- രൂപ ബുക്ക് ചെയ്ത് ഡിമാന്റ് കുറവു വരുത്തിയിട്ടുണ്ട്. ഇതിനാധാരമായ രേഖകൾ ലഭ്യമായില്ല.
വാർഷിക ധനകാര്യപത്രികയിലെ മേൽപ്പറഞ്ഞ പൊരുത്തക്കേടുകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 ഫണ്ട് വിനിയോഗം

ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | കൃ ബിൽ | ലാപ്സായ തുക/ നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10050261 * | 10050261 | 12784500** | - | -2734239 | 127 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2290667 * | 2290667 | 2034142 ** | - | 256525 | 89 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 134000 | 134000 | 101000 | - | 33000 | 75 |
| സി.എഫ്.സി. ടൈഡ് | 0 | 4980000 | 4980000 | 559050 | - | 4420950 | 11 |
| സി.എഫ്.സി. അൺടൈഡ് | 0 | 9987303 | 9987303 | 5418900 | - | 4568403 | 54 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7584000 | 7584000 | 7295328 | - | 288672 | 96 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 3585366 * | 3585366 | 1982201 ** | - | 1603165 | 55 |

* വികസന ഫണ്ട് വരവ് വിവിധ ഉത്തരവുകളിലൂടെ അനുവദിച്ചതിലും കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വികസനഫണ്ട് അലോട്ട്മെന്റ് ആയി ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന തുക പൂർണ്ണമായും എ.സി.ആർ ൽ ഉൾപ്പെടുത്തുന്നില്ല. ലൈഫ് വായ്പ, അംഗൻവാടി ജീവനക്കാർക്കുള്ള ഓണറേറിയം, മറ്റ് കുടിശ്ശികകൾ എന്നീയിനങ്ങളിലെ തുക സ്രോതസ്സിൽ നിന്നും കുറവു ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കുന്നത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക കുറച്ചശേഷമുള്ള അറ്റതുകയാണ് അലോട്ട്മെന്റായി ബുക്ക് ചെയ്തിട്ടുള്ളത്. സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്ന തുക ഗ്രാമപഞ്ചായത്ത് പദ്ധതി ചെലവായി ഉൾപ്പെടുത്തുന്നുണ്ട്. ആയതിനാൽ ചെലവ് വരവിലും അധികമായും, നീക്കിയിരുപ്പ് മൈനസ് സംഖ്യയായും രേഖപ്പെടുത്തപ്പെടുന്നു. വിവിധ സർക്കാർ ഉത്തരവുകളിലൂടെ സർക്കാർ അനുവദിച്ചിട്ടുള്ള തുക ചുവടെ.

| ഫണ്ടിനം | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം | സർക്കാർ ഉത്തരവുകൾ പ്രകാരം |
|---|---|---|

| | | |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 10050261 | 12784500 |
| വികസനഫണ്ട് (എസ്.സി.പി) | 2290667 | 2408000 |
| മെയിന്റനൻസ് റോഡിതരം | 3585366 | 3622000 |

** ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | എ.സി.ആർ പ്രകാരം | സുലേഖ പ്രകാരം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 12784500 | 10050261 | 12784500 |
| വികസനഫണ്ട് (എസ്.സി.പി) | 2034142 | 1916809 | 2034142 |
| മെയിന്റനൻസ് റോഡിതരം | 1982201 | 1945567 | 1982201 |

*** കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/09.02.2022) മറുപടി ലഭ്യമാക്കിയില്ല. ഗ്രാന്റ് വിനിയോഗം, കണക്കുകളിലെ വ്യത്യാസത്തിനു മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 231 | 103070875 | 179 | 40281876 | - | 52 | 77 |

തൻ വർഷം നടപ്പാക്കുന്നതിന് 231 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 179 എണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആകെ വകയിരുത്തിയ തുകയുടെ 39% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് 16%, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 23%, ഹെഡ്മാസ്റ്റർ 39% നിരക്കിൽ മാത്രമാണ് ഫണ്ട് വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളത്.

## 1-5 ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 81840 | 124 |
| കർഷക തൊഴിലാളി പെൻഷൻ | 10014000 | 680 |
| വിധവ പെൻഷൻ | 7797300 | 508 |
| വാർദ്ധക്യകാല പെൻഷൻ | 16901800 | 1214 |
| വികലാംഗ പെൻഷൻ | 5237300 | 342 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 436500 | 31 |
| വിവാഹ ധനസഹായം | 240000 | 8 |

## 1-6 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.02.2022

തീയതിയിൽ 11 AM സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1102/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം ഏറെ മെച്ചപ്പെടേണ്ടതുണ്ട്. തനത് വരവ് കൃത്യമായി പിരിച്ചെടുക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

തനത് വരവിന്റെ മുഖ്യ പങ്ക് വഹിക്കുന്ന വസ്തു നികുതി നിർണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകതങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പത്തൊൻപത് ലക്ഷത്തിലധികം തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ട്രെയ്ഡേഴ്സ് ലിസ്റ്റ് കാലികമാക്കി ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. തനത് വരുമാനം പൂർണമായി പിരിച്ചെടുത്ത് വരുമാന വർദ്ധനവുണ്ടാക്കുന്ന നടപടികളുണ്ടാകേണ്ടതാണ്.

ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

പഞ്ചായത്ത് പരിധിയിലെ നിർദ്ധനരായ ജനങ്ങൾക്ക് ദുരിത കാലത്ത് കൈത്താങ്ങായി മാറുന്നതിന് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും മറ്റ് മാർഗ്ഗങ്ങൾ വഴിയും ധനസമാഹരണം നടത്തി ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

സാമൂഹ്യക്ഷേമ പെൻഷൻ-അനർഹമായ പെൻഷൻ തുകൾ നല്കുന്നത് ഒഴിവാക്കണം.

ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ നൽകിയിരിക്കുന്നു.

മരാമത്ത് പ്രവൃത്തികൾ നടത്തിപ്പിൽ അപാകതകൾ

റോഡ് ബേം പ്രവൃത്തികൾക്ക് ഫോം വർക്ക് ഉൾപ്പെടുത്തി നിർവ്വഹിച്ചതിനാൽ അധികം തുക നൽകിയിരിക്കുന്നു. സ്റ്റീൽ വർക്കുകൾക്കും ഉയർന്ന നിരക്കിലുള്ള ഡാറ്റ പ്രകാരം തുക നൽകി. കൺവീനർ മുഖേന നടപ്പാക്കിയ പ്രവൃത്തിയിൽ വൌച്ചർ മുഖേനയുള്ള ചെലവിനേക്കാളും അധികം ചെലവഴിച്ചിരിക്കുന്നു. ഇരുപത്തിഒൻപത് ലക്ഷത്തിലധികം രൂപയുടെ പ്രവൃത്തി ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം വ്യക്തമാകുന്നു.

സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ പദ്ധതി നടപ്പാക്കി

സുഭിക്ഷ കേരളമ പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിൽ മൽസ്യകൃഷി എന്ന പദ്ധതിയിൽ സബ്സിഡി മാർഗ്ഗരേഖ പാലിക്കാത്തതിനാൽ വികസന ഫണ്ടിൽ നിന്നും അധികം തുക ചെലവഴിച്ചു. ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും മോണിറ്ററിംഗ് സമിതിയും കൃത്യമായ അവലോകനങ്ങൾ നടത്തേണ്ടതുണ്ട്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂപ) | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 79178 | 1225604 | 1304782 | 1264359.15 | 915422.85 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 32202216 | 32202216 | 32202216 | 0 |

* വാർഷിക കണക്കുകളിലെ അപാകതകൾ ഖ 1-2 ക്രമ നം. 12,13,14 കാണുക

ഗുണഭോക്താക്കൾക്ക് അനുവദിക്കേണ്ട തുക ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിൽ ദീർഘനാളായി നിലനിർത്തിയിരിക്കുന്നു.

എ) 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കിയ എം.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികൾക്കുള്ള ഇൻസെന്റീവ് ഇനത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിനു 55000/- രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 44000/- രൂപ മാത്രമാണ് തൻവർഷം വിതരണം ചെയ്തത്. ബാക്കിയുള്ള 11000/- രൂപയുടെ വിനിയോഗം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2/07.02.2022) 10,000/- രൂപ 13.04.2021, 30.06.2021 തീയതികളിലായി ഗുണഭോക്താക്കൾക്ക് കൈമാറിയതായും, 1000/- രൂപ അക്കൌണ്ട് കറക്ട് ചെയ്ത് തുക വിതരണം ചെയ്യുന്നതായും മറുപടി ലഭ്യമാക്കി.

ബി) എം.എൻ.ആർ.ഇ.ജി.എസ്. പ്ലാന്റലിംഗ് നഴ്സറിയിലെ ആവശ്യത്തിനായി പ്ലാന്റിലിംഗ് കവർ, നെറ്റ് എന്നിവ വാങ്ങിയ ഇനത്തിൽ ലഭിച്ച വരവിൽ 14,400/- രൂപ 16.10.2020 എം.എൻ.ആർ.ഇ.ജി.എസ്. അക്കൗണ്ടിലേക്ക് മടങ്ങിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2/07.02.2022) പ്രസ്തുത തുക 13.04.2021, 30.06.2021 തീയതികളിലായി ഗുണഭോക്താക്കൾക്ക് കൈമാറിയതായി മറുപടി നൽകി.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലൂടെ അനുവദിക്കുന്ന തുക വിതരണം ചെയ്യുന്നതിന് ഒരു വർഷത്തോളം

കാലതാമസം വന്നിരുക്കുന്നു. പ്രവൃത്തിയുടെ വേജസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി അനുവദിക്കേണ്ടതുണ്ടെങ്കിലും തുക അനുവദിക്കുന്നതിന് ദീർഘമായ താമസമുണ്ടാകുന്നതിനുള്ള കാരണം വ്യക്തമല്ല. 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കിയ എം.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികൾക്കുള്ള ഇൻസെന്റീവ് ഇനത്തിൽ ഇനിയും അനുവദിക്കുവാൻ സാധിക്കാത്ത തുക അടിയന്തിരമായി ബന്ധപ്പെട്ട ഹെഡിൽ തിരികെ ഒടുക്കേണ്ടതാണ്.

## 1-8-1 MNREGS പ്രവർത്തികളിൽ വോയ്ഡ്സ് കുറവ് ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചു- 26,021/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

I. CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ, ഉപയോഗിക്കുന്ന 40mm മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയ്ഡസ് കുറവു ചെയ്ത് മാത്രമേ കരാറുകാരന് തുക നൽകേണ്ടതുള്ളൂ. (Specification : 1- 27-2-3). അപ്രകാരം ഇവിടെ കുറവ് ചെയ്തതായി കാണുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | എം ബുക്ക് നം | അളവ് | കരാറുകാരൻ | നൽകിയ നിരക്ക് | നൽകിയ തുക | വോയ്ഡസ് (7.5%)കുറവു ചെയ്ത അളവ് | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| ചെറുകരി-ചാനൽകര നടപ്പാത കോൺക്രീറ്റ് | 289/18-19 | 6.17 $M^3$ | കനകരാജൻ | 1436.36/$m^3$ | 8862.34 | 5.7 | 8187.25 | 675 |
| കാഞ്ഞിരം നിന്ന ഗവ LPS പരിണയം നടപ്പാത കോൺക്രീറ്റ് | 287/18-19 | 14.8 $M^3$ | " | 1436.36/$m^3$ | 21258.12 | 13.69 | 19663.76 | 1594 |
| വാറുവിള നടപ്പാത കോൺക്രീറ്റ് | 291/18-19 | 11.445$m^3$ | " | 1436.36/$m^3$ | 16439.14 | 10.58 | 15196.68 | 1242 |
| മോന്തിവിള കള്ളാകുളം തെക്ക് ഭാഗം നടപ്പാത കോൺക്രീറ്റ് | 293/18-19 | 7.3$m^3$ | " | 1436.36/$m^3$ | 10485.42 | 6.75 | 9695.43 | 790 |
| മണ്ണാക്കല്ല്-കുളങ്ങരവിള നടപ്പാത കോൺക്രീറ്റ് | 298/18-19 | 7.15$m^3$ | " | 1436.36/$m^3$ | 10255.61 | 6.6 | 9479.97 | 776 |
| ഒറ്റപ്പനവിള നടപ്പാത കോൺക്രീറ്റ് | 288/18-19 | 8.1 $M^3$ | " | 1436.36/$m^3$ | 11634.5 | 7.4 | 10629.06 | 1005 |
| കാരക്കാവിള വല്ല നിന്ന നടപ്പാത കോൺക്രീറ്റ് | 28/19-20 | 14.97 $M^3$ | " | 1436.36/$m^3$ | 21502.3 | 13.84 | 19879.22 | 1623 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | ആകെ | 7705/- |

II.44 നം അംഗനവാടി നിർമ്മാണം

File No. A2/1404/18

Mbook 281/18-19, 238/20-21, 237/20-21

കരാറുകാരൻ- കനകരാജൻ

സെക്രട്ടറിയുടെ 13.3.2019 ലെ A2/3916/18/20 നമ്പർ കത്ത് പ്രകാരം കരാറുകാരനോട് 21.86 $M^3$ Stone നിർമ്മാണപ്രവർത്തനത്തിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാൻ Bill No.34, 2/4/2019 പ്രകാരം 19 $M^3$ Stone ലഭ്യമാക്കുകയുണ്ടായി. Mbook 281/18-19 ,PGE NO.85 ITEM 6 പ്രകാരം 19 $M^3$ STONE ന് 1928/- രൂപ നിരക്കിൽ 36,632/- രൂപ ഉൾപ്പെട്ട തുക 4.4.2020 ൽ Bill No.224 പ്രകാരം അനുവദിക്കുകയുണ്ടായി (Meterial List No.1614006-ML-4413,bill Amount-1,80,883.032/- രൂപ). CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ, ഉപയോഗിക്കുന്ന Excavated Rocks – സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 50% വോയ്ഡസ് കുറവു ചെയ്ത് മാത്രമേ കരാറുകാരന് തുക നൽകേണ്ടതുള്ളൂ. (Specification : 1- 27-2-6). അപ്രകാരം ഇവിടെ കുറവ് ചെയ്തതായി കാണുന്നില്ല. അപ്രകാരം 9.5 $M^3$ (50 % Of 19 $M^3$) ന്, 18,316/- രൂപ മാത്രമെ അനുവദിക്കാമായിരുന്നുള്ളൂ.

മേൽ പറഞ്ഞ രണ്ട് അപാകതകൾക്കും വിശദീകരണം ലഭ്യമക്കുന്നതിനായി 11.2.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-38 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ ക്രമ നം(1) ൽ അധികം നൽകിയ 7705/-രൂപ , ക്രമ നം (2) ൽ അധികം നൽകിയ 18,316/- രൂപ ഉൾപ്പെടെ ആകെ 26,021/- രൂപ ഓഡിറ്റ് തടസപ്പെടുത്തുന്നു. ടി തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ തന്നെ വ്യക്തമായ വിശദീകരണം ലഭ്യമാക്കാത്ത പക്ഷം ടി തടസം നിരാകരണമായി മാറുന്നതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.4.2021 | മാർച്ച് 2021 | റിപ്പോർട്ട് ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.1.2019 | 2013-14 മുതൽ 2017-18 | 25.02.2019 |

## 1-10 വസ്തുനികുതി പിരിച്ചെടുക്കാൻ സത്വരനടപടി സ്ഥീകരിക്കേണ്ടതാണ്.

2020- 21 വർഷത്തിലെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക പ്രകാരം പരിച്ചെടുക്കാനുള്ള വസ്തുനികുതി കുടിശ്ശിക ചുവടെ ചേർക്കുന്നു.

| ഇനം | പിരിച്ചെടുക്കാനുള്ള തുക |
|---|---|
| വസ്തുനികുതി-(Current) | 193423/- |
| വസ്തുനികുതി-(Arrear) | 292527/- |
| വസ്തുനികുതി-Non Residential(Current) | 693437/- |
| വസ്തുനികുതി-Non Residential(Arrear) | 737775/- |
| ആകെ | 1917162/- |

വസ്തുനികുതി ഇനത്തിൽ ഭീമമായ തുക കുടിശ്ശികയായിട്ടും മേൽ തുക പിരിച്ചെടുക്കാത്തതിനുള്ള കാരണവും, പിരിച്ചെടുക്കാൻ നാളിതുവരെ സ്ഥീകരിച്ച നടപടിയും ഓഡിറ്റിനെ അറിയിക്കാൻ അവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 32/2022-ന് നൽകിയ മറുപടിയിൽ കോവിഡ് പ്രോട്ടോക്കാൾ പാലിക്കുന്നതിന്റെ ഭാഗമായി

ഫീൽഡ്തല പിരിവോ, ക്യാമ്പ് കളക്ഷനോ നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യം നിലനിന്നിരുന്നതിനാലാണ് നികുതി പിരിവ് 100% പൂർത്തീകരിക്കുവാൻ സാധിക്കാത്തതെന്ന് അറിയിച്ചു. മേൽ മറുപടി അംഗീകരിക്കാമെങ്കിലും 2019-20ലെ ഗ്രാമപഞ്ചായത്തിന്റെ വാർഷികധനകാര്യപത്രിക B15 പ്രകാരം വസ്തുനികുതി റെസിഡൻഷ്യൻ, നോൺ-റെസിഡൻഷ്യൻ വിഭാഗത്തിൽ കറന്റ്, അരിയർ എന്നിവയിലായി 1633153/- രൂപ പരിച്ചെടുക്കാൻ അവശേഷിച്ചിരുന്നു. തനത് വരുമാനത്തിൽ 1917162/- തുക കുടിശ്ശികയായി നിലനിൽക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കും എന്നതിനാൽ വസ്തുനികുതിയിലെ കുടിശ്ശിക എത്രയും വേഗം പിരിച്ചെടുക്കുവാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ റവന്യൂ റിക്കവറി, പ്രോസിക്യൂഷൻ തുടങ്ങിയ നടപടി സ്വീകരിച്ച് കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതാണ്.

## 1-11 ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ വസ്തുനികുതി ഡിമാന്റിൽ കുറവ് വരുത്തി

I18- Prior Period Income -280100104 Property Tax On Non Residential Buildings ഹെഡിൽ 243492/- രൂപ ബുക്ക് ചെയ്ത് ഡിമാന്റ് കുറവ് വരുത്തിയിട്ടുണ്ട്. ഇതിനാധാരമായ രേഖകൾ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2) മറുപടി ലഭ്യമാക്കിയില്ല. ഡിമാന്റ് തുക കുറവ് ചെയ്യുന്നതിനുള്ള കാരണം വ്യക്തമല്ല. ഇതിലേക്കായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, ഭരണസമിതിയോ ശുപാർശ നൽകിയതിനുള്ള രേഖകളും ലഭ്യമായില്ല. നികുതി തുക കുറവുചെയ്യുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-12 നികുതി നിർണയത്തിൽ കൃത്യത പുലർത്തിയില്ല.നികുതി ചോർച്ച സംഭവിച്ചു.

ഉദ്യോഗസ്ഥർ ഫീൽഡ് സന്ദർശനം നടത്തി ഫോറം 6-ൽ ശേഖരിക്കുന്ന വിവരം സഞ്ചയയിൽ ഡേറ്റാ എൻട്രി നടത്തുമ്പോൾ ചട്ടങ്ങൾ പ്രകാരം സഞ്ചയ വസ്തു നികുതി കണക്കാക്കുന്നു. കെട്ടിടം ഒന്നായി നിർമ്മിച്ച കെട്ടിടത്തിന് ഉടമയുടെ അപേക്ഷയുടെ ഫോം നമ്പർ 6 അപേക്ഷ പ്രകാരം കെട്ടിടത്തിന് വെവ്വേറെ നമ്പർ നൽകാമെങ്കിലും കൂടുതൽഭാഗം ഏത് ആവശ്യത്തിനാണോ ഉപയോഗിക്കുന്നതെന്ന് അനുസരിച്ച് കെട്ടിടം ഒന്നായി കണക്കാക്കി നികുതി കണക്കാക്കണമെന്ന് കെട്ടിടനികുതി ചട്ടം9(2) നിഷ്കർഷിക്കുന്നു. സഞ്ചയയ സോഫ്റ്റ് വെയറിലെ കെട്ടിട നികുതി പരിശോധനയിൽ വാണിജ്യാവശ്യത്തിനായുള്ള ഒരു കെട്ടിടത്തിന് ഒന്നിലധികം നമ്പരുകൾ നൽകിയതായും, കെട്ടിടത്തെ ഒന്നായി കണക്കാക്കി നികുതി നിശ്ചയിക്കുന്നതിന് പകരം ഓരോ നമ്പരിനും അനുസൃതമായ വിസ്തീർണത്തിന് നികുതി ചുമത്തിയതിനാൽ നികുതി ചോർച്ച സംഭവിച്ചതായി കണ്ടെത്തി. ഉദാഹരണമായി 5/300 എന്ന വാണിജ്യാവശ്യ കെട്ടിടത്തിന് 297.92 $M^2$ വിസ്തീർണം ഉള്ളതും A മുതൽ G വരെ നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിടം ഒന്നാണെന്നും വിവിധ നമ്പരുകൾ നൽകി നികുതിനിശ്ചയിച്ചപ്പോൾ നികുതി നിരക്ക് കുറഞ്ഞതായും നികുതി ചോർച്ച സംഭവിക്കുന്നതായും കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിടനമ്പർ | വിസ്തീർണം | ചുമത്തിയ അടിസ്ഥാന നികുതി നിരക്ക് | ചുമത്തേണ്ട അടിസ്ഥാന നികുതി നിരക്ക് | അടിസ്ഥാന നികുതിയിലെ നഷ്ടം |
|---|---|---|---|---|
| 5/300-A | 32.4 $M^2$ | 40/- | 70/- | 972/- |
| 5/300-B | 34.56 $M^2$ | 40/- | 70/- | 1037/- |
| 5/300-C | 34.56 $M^2$ | 40/- | 70/- | 1037/- |
| 5/300-D | 42 $M^2$ | 40/- | 70/- | 1260/- |
| 5/300-E | 5.7 $M^2$ | 40/- | 70/- | 171/- |
| 5/300-F | 126.8 $M^2$ | 70/- | 70/- | 0 |
| 5/300-G | 21.9 $^{M2}$ | 40/- | 70/- | 657/- |
| ആകെ | 297.92 M 25134/- | | | |

കെട്ടിട നികുതി ചട്ടം പ്രകാരം കെട്ടിടത്തിന് വ്യത്യസ്ത നമ്പരുകൾ നൽകാമെങ്കിലും നികുതിനിർണയം നടത്തുമ്പോൾ കെട്ടിടം ഒന്നായി കണക്കാക്കി നികുതി നിർണയം നടത്താത്തതിനാൽ അടിസ്ഥാന നികുതിയിൽ 5134/-രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നതിന് വിശദീകരണം ആരാഞ്ഞ് നൽകിയ അന്വേഷണകുറിപ്പ്

42/2222-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243(3)പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും, അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായയെന്ന് കണ്ടെത്തിയാൽ നഷ്ടപ്പെട്ട തുക 12%പലിശ സഹിതം ആ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാം എന്ന് ഉത്തരവ് നിലവിൽ ഉള്ളതിനാൽ ഏത് ദിവസമാണോ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് മേൽ കെട്ടിടത്തിന് നൽകിയത് അന്ന് മുതൽ കുറവായി ഈടാക്കിയ നികുതി തുക കണക്കാക്കി ഈടാക്കേണ്ടതും ,കെട്ടിടം പരിശോധിച്ച് നിലവിലെ നിരക്ക് നിയമപ്രകാരം നിശ്ചയിച്ച് സഞ്ചയയിൽ മാറ്റം വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കൂടാതെ സഞ്ചയ പരിശോധിച്ച് വാണിജ്യകെട്ടിടങ്ങൾ പരിശോധിച്ച് മേൽ വിവരിച്ച വിധം തെറ്റായി നികുതി നിർണയം നടത്തിയിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-13 ഡെയിഡേഴ്സ് ലിസ്റ്റ് കാലികമാക്കി എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല.തനത് ഫണ്ട് കുറയുന്നു

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യസ്ഥാപനങ്ങൾക്കും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകേണ്ടതും വാർഡ്തല ഡെയിഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതും അത്യാവശ്യമാണ്. 18/2022-നമ്പർ അന്വേഷണകുറിപ്പിന് മറുപടിയായി ഹാജരാക്കിയ FTEAOS-പ്രകാരം നൽകിയ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 ൽ 105 വാണിജ്യസ്ഥാപനങ്ങൾക്കും, 2020-21-ൽ 107 വാണിജ്യസ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയതായി കണ്ടെത്തി. എന്നാൽ സഞ്ചയയിലെ പരിശോധനയിൽ വാണിജ്യകെട്ടിടങ്ങളുടെ എണ്ണം കണക്കാക്കുമ്പോൾ FTEAOS-പ്രകാരം നൽകിയ ലൈസൻസുകൾ വളരെ കുറവാണെന്ന് കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | സഞ്ചയപ്രകാരം വാണിജ്യകെട്ടിടങ്ങളുടെ എണ്ണം | വാർഡ് തല ഡെയിഡേഴ്സ് ലിസ്റ്റ് പ്രകാരം ലൈസൻസ് ലഭിച്ച സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1 | 51 | 7 |
| 2 | 21 | 1 |
| 3 | 26 | 4 |
| 4 | 33 | 5 |
| 5 | 308 | 42 |
| 6 | 12 | 2 |
| 7 | 53 | 6 |
| 8 | 59 | 6 |
| 9 | 107 | 21 |
| 10 | 80 | 7 |
| 11 | 34 | 4 |
| 12 | 30 | 5 |
| 13 | 39 | 0 |
| 14 | 3 | 2 |

മേൽ വിവരിച്ച പട്ടികയുടെ അടിസ്ഥാനത്തിൽ വാണിജ്യ ആവശ്യത്തിനായി നികുതി അടവാക്കുന്ന ഭൂരിഭാഗം കെട്ടിടങ്ങളിലും വാണിജ്യസ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കണക്കാക്കാം. കൂടാതെ വാണിജ്യാവശ്യ കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെങ്കിൽ ആയത് തെളിക്കുന്ന ഫീൽഡ്തല റിപ്പോർട്ട് സമാഹരിച്ച് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ഇതിൽ നിന്നും വ്യാപാര,വാണിജ്യ സ്ഥാപനങ്ങൾക്ക് അവയുടെ മൂലധന നിക്ഷേപം അനുസരിച്ച് ലൈസൻസ് നൽകി തനത് ഫണ്ട് വർദ്ധിപ്പിക്കാനുള്ള ഉചിതമായ നടപടികൾ സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും സ്വീകരിച്ചിട്ടില്ലായെന്നും വ്യക്തമാകുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യാവശ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയെന്ന് ഉറപ്പുവരുത്തുവാൻ സെക്രട്ടറിയും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതിയും,സ്ഥാപനതൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205(എ- കെ) പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന കമ്പനിയും, ബിസിനസ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. വകുപ്പ് 205 ബി,സി, ചട്ടം-14 പ്രകാരം സെക്രട്ടറിയ്ക്ക് അത്തരക്കാരിൽ നിന്നും രേഖാമൂലം ഒരു ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്. 205 I പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുകൊണ്ടുള്ള ഒരു ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. തദ്ദേശ സ്ഥാപനത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന തൊഴിൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

1.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|---|
| 1 | പുത്തൻകട ക്ഷീരോല്പാദന സംഘം | 4300/- | 0 |
| 2 | മുത്തൂറ്റ് മെർക്കന്റെയിൽ | 660/- | 0 |
| 3 | സെന്റ് സേവ്യർ യു.പി.സ്കൂൾ | 0 | 1320/- |
| 4 | ഗവ.H.S.S തിരുപുറം | 0 | 13750/- |
| 5 | അസി.എൻജിനിയർ .തിരുപുറം പഞ്ചായത്ത് | 1250/- | 0 |
| 6 | ഓവർസീയർ ,തിരുപുറം പഞ്ചായത്ത് | 1250/- | 0 |
| 7 | ദേവസ്വം ബോർഡ് ,തിരുപുറം | 0 | 0 |
| 8 | S.v ഫ്യുവൽസ് മനവേലി | 0 | 0 |
| 9 | എലിഗന്റെ എക്സ്പോർട്ട് തിരുപുറം | 0 | 0 |
| 10 | മിൽക്ക് സൊസൈറ്റി കുമിളി | 0 | 0 |
| 11 | റോയൽ ഹോസ്പിറ്റൽ | ൦ | ൦ |

2. ചുവടെ വിവരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | പുത്തൻകട ക്ഷീരോല്പാദന സംഘം | 1 & 11 |
| 2 | മുത്തൂറ്റ് മെർക്കന്റെയിൽ | 1 & 11 |
| 3 | മാവേലി സ്റ്റോർ ,അരുമാനൂർ | 1 & 11 |
| 4 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, പഴയകട | 1 & 11 |
| 5 | മിൽക്ക് സൊസൈറ്റി, ഇരുവൈകോണം | 1 & 11 |
| 6 | S,v ഫ്യൂവൽസ് ,മനവേലി | 1 & 11 |
| 7 | എലിഗന്റ് എക്സ്പോർട്ടേഴ്സ് ,തിരുപുറം | 1 & 11 |
| 8 | മിൽക്ക് സൊസൈറ്റി, കമിളി | 1 & 11 |
| 9 | ബിവറേജ് കോർപ്പറേഷൻ | 1& 11 |

മേൽവിവരിച്ച സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിനുള്ള വിശദീകരണവും, കുടിശ്ശിക ഈടാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികളുടെ രേഖകളും ലഭ്യമാക്കാനും, ഗ്രാമപഞ്ചായത്തിലെ A.E, ഓവർസീയർ എന്നിവർ സ്ഥലം മാറിപ്പോയിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി അടവാക്കാതെ റിലീവ് ചെയ്യുതതിനുള്ള കാരണവും അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറുപ്പ് 36/2022 – ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 ഇ,എഫ്,എച്ച്, എന്നീ വകുപ്പുകളിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പ്രകാരം വിശദാംശങ്ങൾ നൽകാനും നികുതി അടവാക്കാനും ബാധ്യസ്ഥനായ ഏതെങ്കിലും ആഫീസ് മേധാവിയോ തൊഴിലുടമയോ നിർദ്ദിഷ്ട സമയത്തിനുള്ളിൽ അങ്ങനെയുള്ള വിവരങ്ങൾ നൽകുന്നതിലോ അടയ്ക്കേണ്ടതായ നികുതി അടവാക്കുന്നതിൽ വീഴ്ചവരുത്തുകയോ ചെയ്താൽ സെക്രട്ടറിയ്ക്ക് ശിക്ഷാനടപടി സ്വീകരിക്കാവുന്നതാണ്. ആയതിനാൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി മേൽ വിഷയത്തിൽ പ്രത്യേക ശ്രദ്ധ നൽകേണ്ടതും, തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസും,തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

സിവിൾ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി അടവാക്കാത്ത പക്ഷം റേഷൻകടകളുടെ മേൽ അധികാരിയെന്ന നിലയിൽ താലൂക്ക് സപ്ലൈ ആഫീസർക്ക് അറിയിപ്പ് നൽകി പ്രസ്തുത നികുതി ഈടാക്കാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, പഞ്ചായത്ത് പരിധിയിൽ എത്ര റേഷൻകടകൾ പ്രവർത്തിക്കുന്നുവെന്നുള്ള വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകറിപ്പ് 36/2022-ന് മറുപടി ലഭ്യമാക്കിയില്ല. തനത് ഫണ്ടിന്റെ വർദ്ധനവിനായി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും നിയമാനുസൃത ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കേണ്ടതും തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 വാർഷികധനകാര്യപത്രിക --വരവിലുമധികമായി ചെലവ് ബുക്ക് ചെയ്തിരിക്കുന്നു.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവിലുമധികം തുക ചെലവഴിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ വരവ് 124209062/- രൂപയും, ആകെ ചെലവ് 128254394/- രൂപയുമാണ്. വരവിനേക്കാൾ ചെലവ് രേഖപ്പെടുത്താനിടയായ സാഹചര്യം അന്വേഷിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1) ഡിപ്രിസിയേഷൻ തുക വർദ്ധിച്ചതിനാലാണ് വരവിലുമധികം ചെലവു കാണുന്നത് എന്ന മറുപടി നൽകി. ഡിപ്രിസിയേഷൻ പോലുള്ള ചെലവുകൾക്ക് അതതു സാമ്പത്തിക വർഷങ്ങളിൽ തുക മാറ്റി വയ്ക്കാതിരിക്കുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയെയും, ആസ്തികളുടെ പരിപാലനത്തെയും ബാധിക്കുന്നതാണ്. വരവിനുള്ളിൽ ചെലവുകൾ നിർവഹിക്കുവാനും, ചട്ട പ്രകാരമുള്ള ചെലവുകൾക്ക് തുക നീക്കി വയ്ക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ട പ്രകാരം പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തര ധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഓരോ പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാടിസ്ഥമുള്ള കലാ-കായിക -വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവു- ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൌണ്ട് തുടങ്ങേണ്ടതും, ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണകുറിപ്പ് 3/2022-ന് നൽകിയ മറുപടിയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലായെന്നും ഉടൻ തന്നെ രൂപീകരിക്കുന്നതാണെന്നും അറിയിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നിർദ്ധനരായ ജനങ്ങൾക്ക് ദുരിതകാലത്ത് കൈതാങ്ങായി മാറുന്ന ദുരിതാശ്വാസനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും മറ്റ് മാർഗങ്ങൾ വഴിയും ധന സമാഹരണം നടത്തി ഏറ്റവും അർഹർക്ക് വേണ്ട സമയത്ത് ധനസഹായം എത്തിക്കാൻ ഭരണസമിതി ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

## 1-18 കാഷ് ബുക്ക് പരിപാലനം - അപാകതകൾ

കേരള ട്രഷറി കോഡ് വാല്യം I ലെ ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനുവേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി ആർ 7 എ ഫോറത്തിലാണ് കാഷ് ബുക്ക് പരിപാലിക്കേണ്ടത്. വി ഇ ഒ, വരവ് ചെലവ് രേഖകൾ രേഖപ്പെടുത്തുന്ന ഒരു സാധാരണ ബുക്കാണ് ക്യാഷ് ബുക്കായി പരിപാലിച്ചിരിക്കുന്നത്. ഇത് TR.7.A മാതൃക പ്രകാരമുള്ളതല്ല . ചെലവഴിച്ച മുഴവൻ തുകകളെയും സംബന്ധിച്ച വിവരങ്ങൾ ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തുന്നില്ല.

ഉദാ- വി ഇ ഒ(എ) സർക്കിൾ സൂക്ഷിച്ചിരിക്കുന്ന കാഷ് ബുക്കിൽ തനത് ഫണ്ട് പ്രോജക്ടുകൾ, ബ്ലോക്ക് ജില്ലാ പഞ്ചായത്ത് ഫണ്ട് ചെലവുകൾ, പഞ്ചായത്തിൽ നിന്നും നൽകിയ തുകയുടെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

പദ്ധതികൾക്കായി ചെലവഴിച്ച മുഴവൻ തുകകളുടെയും വിവരങ്ങൾ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-19 തനതു അക്കൗണ്ടിലെ നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല.

DCB Own Fund അക്കൌണ്ടിന്റെ ( ഹെഡ് 450230101) നീക്കിയിരുപ്പ് ബാങ്ക് ബുക്ക് പ്രകാരം 11288893/- രൂപയും, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 11810731/- രൂപയും ആണ്. വ്യത്യാസം 521838/- രൂപ. വ്യത്യാസമുള്ള തുക സാംഖ്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Issued But Not Presented Into Bank എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ അപാകതകൾ ചുവടെ.

എ) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ചെക്ക് ഇഷ്യൂ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം മാറാത്ത ചെക്കുകൾ | | | ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം നൽകിയിട്ടുള്ള ചെക്കുകൾ | | |
|---|---|---|---|---|---|
| ചെക്ക് നം | തീയതി | തുക | ചെക്ക് നം | തീയതി | തുക |
| 518655 | 18.03.2021 | 3950 | 518655 | 18.03.2021 | 7400 |
| 518655 | 18.03.2021 | 1800 | | | |
| 518655 | 18.03.2021 | 350 | | | |
| 518655 | 18.03.2021 | 7400 | | | |

ബി) അക്കൗണ്ടിൽ നിന്നും നൽകിയ വിവിധ ചെക്കുകൾ (2018 മുതലുള്ളത്) മാറാത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. 3 മാസം കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്കുകളായി ബുക്ക് ചെയ്യേണ്ടതുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ഇനിയും

മാറിയിട്ടില്ലാത്തതായി രേഖപ്പെടുത്തിയിട്ടുള്ള ചെക്കുകളുടെ വിശദാംശം ചുവടെ.

| വൌച്ചർ നം. | തീയതി | ചെക്ക് നം. | തീയതി | തുക |
|---|---|---|---|---|
| 21700736 | 23.02.2018 | 16351 | 23.02.2018 | 77875 |
| 21900573 | 18.12.2019 | 238282 | 16.12.2019 | 100 |
| 21800370 | 09.08.2018 | 084121 | 09.08.2018 | 550 |
| 21900385 | 25.09.2019 | 237024 | 24.09.2019 | 100 |
| 21800960 | 16.02.2019 | 187451 | 16.02.2018 | 200 |
| 21900908 | 13.03.2020 | 238353 | 11.03.2020 | 3300 |
| 21800961 | 16.02.2019 | 187452 | 16.02.2019 | 200 |
| 21701007 | 31.03.2018 | 12088 | 28.03.2018 | 2000 |
| 21800959 | 16.02.2019 | 187450 | 16.02.2019 | 200 |

മേൽ ചെക്കുകൾ എന്തു ആവശ്യത്തിനായി, ഏതു സ്ഥാപനത്തിനു അനുവദിച്ചതാണെന്നോ, ദീർഘനാളായി ചെക്ക് മാറാത്തതിനുള്ള കാരണമോ വ്യക്തമല്ല. മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 1) പരിശോധിച്ച് വ്യക്തത വരുത്തി വിവരം സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകി. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ്, ശരിയായ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതുമാണ്.

## 1-20 രജിസ്റ്ററുകളുടെ പരിപാലനം ഫലപ്രദമല്ല.

ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ്സ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയവ പരിശോധനക്കു ലഭ്യമായില്ല. 3 വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് വകയിരുത്തുന്നതിനുള്ള നടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ നിക്ഷേപ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുന്നില്ല. 2020-21 വാർഷികകണക്കുകൾ പ്രകാരം വാട്ടർ അതോറിറ്റി 5,03,000/- രൂപയും പ്രവൃത്തികളും, വൈദ്യുതി ബോർഡ് 23,99,561/- രൂപയുടെ പ്രവൃത്തികളും പൂർത്തീകരിക്കാനവശേഷിക്കുന്നുണ്ട്. രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തുക ഏതൊക്കെ പ്രവൃത്തികൾക്കായി നിക്ഷേപിച്ചതാണെന്നോ, എന്നു മുതൽക്കുള്ള പ്രവൃത്തികൾ പൂർത്തിയാക്കുവാനവശേഷിക്കുന്നുണ്ടെന്നോ വ്യക്തമല്ല.

ആസ്തി രജിസ്റ്റർ പരിശോധനക്കു ലഭ്യമാക്കിയില്ല. ആസ്തിരജിസ്റ്റർ യഥാവിധി സൂക്ഷിക്കാത്തത് ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനും തടസ്സം സൃഷ്ടിക്കുന്നു.

## 1-21 കേന്ദ്ര / സംസ്ഥാന സർക്കാർ ഉൾപ്പെടെയുള്ള വിവിധ ഏജൻസികൾക്ക് ഒടുക്കുവാനുള്ള നികുതി/നികുതി ഇതര ബാധ്യതകൾ ഒടുക്കുന്നില്ല.

നികുതി, നികുതിയിതര ഇനങ്ങളിലായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ, ലൈബ്രറി കൌൺസിൽ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് ഈടാക്കി ഒടുക്കുവാനുള്ള തുകകൾ ഈടാക്കിയ ശേഷം ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കാതെ തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ.

| വരവിനം/അക്കൗണ്ട് ഹെഡ് | 01.04.2020 ലെ മുന്നിരുപ്പ് (മുൻവർഷ ബി9 പ്രകാരം) | തൻവർഷ വരവ് (ആർ പി. 36 പ്രകാരം) | തൻവർഷം ഒടുക്കിയ തുക (ആർ പി. 36 പ്രകാരം) | 31.03.2021 ൽ ഒടുക്കാൻ അവശേഷിക്കുന്ന തുക (തൻവർഷ ബി9 പ്രകാരം) |
|---|---|---|---|---|
| 350300101 ലൈബ്രറി സെസ് | 94824 | 127287 | 119549 | 102562 |
| 350300103 വാറ്റ് | 35 | 2769 | 0 | 2804 |
| 350300110 സിജിഎസ് ടി | 1878 | 20851 | 3304 | 19425 |
| 350300111 എസ് ജിഎസ് ടി | 1878 | 20851 | 3304 | 19425 |
| 350300116 ഫ്ലഡ് സെസ് | 1 | 2228 | 73 | 2156 |

മേൽ പട്ടിക പ്രകാരമുള്ളതിൽ, റ്റി.ഡി.എസ്. ൽ ഈടാക്കുന്ന ഇനങ്ങളായ സി.ജി.എസ്.ടി, എസ്.ജി.എസ്.ടി, ഫ്ലഡ് സെസ് എന്നിവയ്ക്ക് തുക കളക്ട് ചെയ്ത് തൊട്ടടുത്തമാസം 10-ാം തീയതിക്കകം ഒടുക്കി റിട്ടേൺ ഫയൽ ചെയ്യേണ്ടതുണ്ട്. ലൈബ്രറി സെസ് ഏപ്രിൽ, ഒക്ടോബർ മാസങ്ങളിലായി സാമ്പത്തിക വർഷത്തിൽ രണ്ടു തവണകളായി ലൈബ്രറി കൌൺസിലിൽ ഒടുക്കി രസീത് കൈപ്പറ്റേണ്ടതാണ്. 01.072017 മുതൽ വാറ്റ് നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ ഈയിനത്തിൽ നികുതി വരവു രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനുള്ള കാരണം പരിശോധിക്കേണ്ടതും, തെറ്റായ ഹെഡിൽ നികുതി ബുക്ക് ചെയ്തതാണെങ്കിൽ, ആയത് തിരുത്തി ശരിയായ ഹെഡിൽ നികുതി ഒടുക്കേണ്ടതുമാണ്.

നികുതി വരവുകൾ സമയബന്ധിതമായി ഒടുക്കി, റിട്ടേണുകൾ ഫയൽ ചെയ്യാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/08.02.2022) മറുപടി ലഭ്യമാക്കിയില്ല. നികുതി, നികുതിയിതര ഹെഡുകളിലായി ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള തുക അടിയന്തിരമായി ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതും, തുക സമയബന്ധിതമായി ഒടുക്കാത്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-22 അർഹത ഉറപ്പുവരുത്താതെ തൊഴിൽ രഹിത വേതനം നൽകി - 81,840/- രൂപ തടസ്സപ്പെടുത്തുന്നു

ധനകാര്യപത്രിക പ്രകാരം തൊഴിൽ രഹിത വേതനമിനത്തിൽ 2020-21 വർഷത്തെ ചെലവ് 81,840/- രൂപയാണ്. ബിൽ നം 24/11.09.2020 പ്രകാരം ഈ തുക 124 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടുകളിലേയ്ക്കാണ് നൽകിയിരിക്കുന്നത്.

സ.ഉ (അച്ചടി) നം 139/2019/ധന തീയതി തിരുവനന്തപുരം 15.10.2019 ൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ നില, വ്യക്തിഗത കുടുംബ വാർഷിക വരുമാനം, തൊഴിൽ നില, താമസം മുതലായവ എല്ലാ മാസവും വ്യത്യാസപ്പെടാൻ സാധ്യതയുള്ളതിനാൽ ഓരോ തവണയും വേതനം ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് അനുവദിക്കുന്നതിന് 15 ദിവസം മുൻപ് ഗുണഭോക്താവ് തദ്ദേശഭരണ സ്ഥാപനത്തിൽ നേരിട്ട് ഹാജരായി വെരിഫിക്കേഷൻ നടത്തേണ്ടതാണെന്നും ടിയാളിൽ നിന്നും അർഹത സംബന്ധിച്ച സത്യവാങ്മൂലം എഴുതി വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വെരിഫിക്കേഷന് നേരിട്ട് ഹാജരായി നടപടിക്രമങ്ങൾ പാലിക്കാത്തവർക്ക് തൊഴിൽ രഹിത വേതനം അനുവദിക്കാൻ പാടുള്ളതല്ല എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 21.08.2020 ലെ DEE-TVM/668/2020-S2നമ്പർ കത്തിൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചു മാത്രമേ തൊഴിൽ രഹിത വേതനം നൽകുവാൻ പാടുള്ളൂ എന്നും പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് 2020-21 സാമ്പത്തിക വർഷം 124 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നത്. അർഹത സംബന്ധിച്ച് ഗുണഭോക്താക്കൾ നൽകേണ്ട സത്യവാങ്മൂലം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. തൊഴിൽ രഹിത വേതനത്തിനുള്ള അർഹത മാനദണ്ഡപ്രകാരം കുടുംബവാർഷിക വരുമാനം 12,000/- രൂപയിലും വ്യക്തിഗത വരുമാനം പ്രതിമാസം 100/- രൂപയിലും അധികമാകാൻ പാടില്ല. നിലവിലെ വ്യക്തിഗത കുടുംബ വാർഷിക വരുമാനം (2020-21 ലെ ) നിർദ്ദിഷ്ട പരിധിയ്ക്കകത്താണെന്ന് ഉറപ്പാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

സ.ഉ ( അച്ചടി) നം 139/2019/ധന തീയതി തിരുവനന്തപുരം 15.10.2019 ൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അക്വിറ്റൻസ് രജിസ്റ്ററിൽ 2020-21 വർഷം ഗുണഭോക്താക്കൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

2020-21 വർഷം വേതനം നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത മാനദണ്ഡം വ്യക്തമല്ല.

അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 24/11.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

അർഹതാനിർണയം നടത്താതെയാണ് തൊഴിൽ രഹിത വേതനവിതരണം ചെയ്തിരിക്കുന്നത്. സർക്കാർനിർദ്ദേശത്തിന് വിരുദ്ധമായും മതിയായ രേഖകൾ പരിശോധിക്കാതെയും വിതരണം നടത്തിയ തുക 81,840/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 സാമൂഹ്യ സുരക്ഷാ പെൻഷൻ- ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020, 2021 വർഷങ്ങളിലെ മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ

താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ തൻവർഷം മരണം രജിസ്റ്റർ ചെയ്ത എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.31/10.02.2022

| പേര് , മരണ രജിസ്ട്രേഷൻ നം | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അനർ ഹമായി നൽകിയ തുക |
|---|---|---|---|---|---|---|
| ആർ ലില്ലി<br>01/2021 | 103010400017 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം | 29.11.2020 | ആക്ടീവ് | 11/2020 മുതൽ3/21 വരെ<br>(1500*5)<br>04/2021 മുതൽ 12/21 വരെ<br>(1600*9) | 21900 |
| ആർ ലില്ലി | 103010500036 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 29.11.2020 | ആക്ടീവ് | 11/2020 മുതൽ 12/21 വരെ<br>( 600*14) | 8400 |
| പത്രോസ് എം<br>1/2021 | 103010101476 | കർഷക തൊഴിലാളി പെൻഷൻ | 08.01.21 | ആക്ടീവ് | 2,3/2021<br>(1500*2)<br>4/21 മുതൽ 12/21 വരെ<br>(1600*9) | 17400 |
| പ്രഭാകരൻനായർ എസ്.<br>17/21 | 103010101081 | കർഷക തൊഴിലാളി പെൻഷൻ | 08.12.20 | സസ്പെന്റ് | 1/21 മുതൽ 4/21 വരെ<br>(1600*4) | 6400 |
| ഭുവനേന്ദ്രൻ.വി<br>26/21 | 103010200581 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 4.3.21 | ആക്ടീവ് | 4/21 മുതൽ 5/21 വരെ<br>(1600*2) | 3200 |
| ആകെ | | | | | | 57300/- |

ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ഈടാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ തുക 57,300/- രൂപ സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 മാറ്റി വയ്ക്കപ്പെട്ട ശമ്പളാനുകൂല്യങ്ങൾ അനുവദിച്ചതിലെ അപാകതകൾ

സ.ഉ.(അച്ചടി) നം. 46/2020/ധന തീയതി 23.04.2020 ൽ പ്രകാരം സർക്കാർ ജീവനക്കാർ, അധ്യാപകർ തുടങ്ങിയ ജീവനക്കാരുടെ ഒരുമാസത്തെ ശമ്പളം 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിലായി 5 ഗഡുക്കളായി മാറ്റി വക്കുന്നതിനു നിർദ്ദേശിച്ചിരുന്നു. കൂടാതെ, കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നേരിട്ട് ശമ്പളം പിൻവലിക്കാത്ത വിഭാഗം ജീവനക്കാരുടെ മാറ്റിവക്കപ്പെട്ട ശമ്പളം, ഒരു പ്രത്യേക എസ്.റ്റി.എസ്.ബി. അക്കൌണ്ടിൽ ഒരാഴ്ചക്കുള്ളിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സ.ഉ.(കൈ)നം.73/2020/തസ്വഭവ തീയതി 05.05.2020 ഉത്തരവിലൂടെ തദ്ദേശ സ്ഥാപനത്തിലെ ജനപ്രതിനിധികളുടെ ഒരു മാസത്തെ ഓണറേറിയം ഏപ്രിൽ മാസം മുതലുള്ള മാസങ്ങളിൽ നാലു ഗഡുക്കളായി ഈടാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ സ്ഥിര ജീവനക്കാർ, ടെക്നിക്കൽ അസിസ്റ്റന്റ്, എം.എൻ.ആർ.ഇ. ജി.എസ് ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ തുടങ്ങിയവരിൽ നിന്നും മാറ്റി വക്കപ്പെട്ട ശമ്പളമിനത്തിൽ ഗ്രാമപഞ്ചായത്ത് ആകെ 5,57,785/- രൂപ ഈടാക്കിയിട്ടുണ്ട്. ഈടാക്കുന്ന തുക പൂർണ്ണമായും ഒരാഴ്ചയ്ക്കുള്ളിൽ ഇതിലേക്കായി ആരംഭിച്ച എസ്.റ്റി.എസ്.ബി. അക്കൗണ്ടിൽ (നം. 799012900000163) ഒടുക്കുവരുത്തണമെങ്കിലും, ഗ്രാമപഞ്ചായത്ത് ഇതിൽ 3,34,361/- രൂപ മാത്രമാണ് ഒടുക്കിയത്. ബാക്കി തുക ഗ്രാമപഞ്ചായത്തിന്റെ തനത് അക്കൌണ്ടിൽ നിലനിറുത്തി.

സ.ഉ.(അച്ചടി) നം. 43/2021/ധന തീയതി 26.02.2021 പ്രകാരം, ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മാറ്റിവക്കപ്പെട്ട ശമ്പളം 2021 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിലായി 5 ഗഡുക്കളിലായി തിരികെ അനുവദിച്ച് സർക്കാർ ഉത്തരവായിരുന്നു. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മാറ്റിവയ്ക്കപ്പെട്ട തുക ഗഡുക്കളായി തിരികെ അനുവദിക്കുന്നതിനാണ് നിർദ്ദേശിച്ചിരുന്നതെങ്കിലും, ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന മാറ്റിവച്ച ശമ്പളം ഗ്രാമപഞ്ചായത്തിന്റെ റ്റി.എസ്. ബി. തനതു അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു ലഭ്യമായപ്പോൾ പ്രസ്തുത തുക ഒറ്റതവണയായി തന്നെ 03.04.2021 ൽ ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കും അനുവദിച്ചു. ഒരു ജനപ്രതിനിധിയുടെ ഓണറേറിയമായ 7000/- രൂപ മാത്രമാണ് വിതരണം ചെയ്യാതെ അവശേഷിക്കുന്നത്. ജനപ്രതിനിധകളുടെ ഓണറേറിയത്തിൽ നിന്നും മാറ്റി വയ്ക്കപ്പെട്ട തുക തിരികെ അനുവദിക്കുന്നതിനു സർക്കാർ നിർദ്ദേശം നേടാതെയാണ് പ്രസ്തുത തുകയും തിരികെ അനുവദിച്ചത്.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/11.02.2022) മറുപടി ലഭ്യമാക്കിയില്ല. മാറ്റി വക്കപ്പെട്ട ശമ്പളം പൂർണ്ണമായി നിർദ്ദിഷ്ട എസ്.റ്റി.എസ്.ബി. അക്കൗണ്ടിലേക്ക് നിക്ഷേപിക്കാതെ തനത് അക്കൗണ്ടിൽ സൂക്ഷിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ മാറ്റിവയ്ക്കപ്പെട്ട ശമ്പളാനുകൂല്യങ്ങൾ തിരികെ അനുവദിച്ചതിന് സർക്കാർ സാധൂകരണം നേടേണ്ടതുമാണ്.

## 1-25 നോൺ പ്ലാൻ ചെലവ് / വൌച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

1) ചെലവു വൗച്ചറുകളിൽ വൗച്ചർ നമ്പർ രേഖപ്പെടുത്തുന്നില്ല. വൗച്ചറുകൾക്കൊപ്പം സാംഖ്യ പേയ്മെന്റ് വൗച്ചർ സൂക്ഷിക്കുന്നില്ല. ആയതിനാൽ എല്ലാ ചെലവുകളും സാംഖ്യയിലുൾപ്പെടുത്തിയിട്ടുണ്ടോ എന്നത് വ്യക്തമല്ല.

2) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 6 പ്രകാരം ബാങ്ക് ബുക്കുകൾ ട്രഷറി/ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഓരോ മാസവും പൊരുത്തപ്പെടുത്തി അക്കൗണ്ടിന്റെ യഥാർത്ഥ നീക്കിയിരുപ്പിലെത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് 28.07.2020 മുതലുള്ള വിവിധ ചെലവുകൾ സാംഖ്യയിൽ ബുക്ക് ചെയ്തിരിക്കുന്നത് 31.03.2021 തീയതിയിലാണ്. അപാകതക്ക് (ഓഡിറ്റ് അന്വേഷണം നം.1) സെർവർ തകരാർ കാരണം ഡാറ്റാ നഷ്ടമായതിനാലും, ബാക് അപ് കറപ്റ്റായതിനാലും രസീതുകളും, പേയ്മെന്റ്സും വീണ്ടും രേഖപ്പെടുത്തേണ്ടി വന്നുവെന്ന് മറുപടി നൽകി.

3) താത്കാലിക ജീവനക്കാരുടെ നിയമനം - കരാർ നിശ്ചിത കാലയളവിൽ പുതുക്കി ചമയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ കുടുംബാരോഗ്യ കേന്ദ്രത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി രണ്ടു നഴ്സുമാരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. കരാർ പ്രകാരം 03.07.2018 ൽ ഒരു വർഷ കാലയളവിലേയ്ക്കാണ് ഇവരെ നിയോഗിച്ചിട്ടുള്ളത്. എന്നാൽ കരാർ പുതുക്കാതെ തന്നെ തുടർന്നും ഇവരുടെ സേവനം ടി സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് നൽകുകയും, ശമ്പളാനുകൂല്യങ്ങൾ തനതു ഫണ്ടിൽ നിന്നും അനുവദിച്ചും പോരുന്നു.

അപാകതകൾ പരിഹരിക്കേണ്ടതും, ചെലവു രേഖകൾ യഥാവിധി പരിപാലിക്കേണ്ടതുമാണ്.

## 1-26 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയായതിനുള്ള രേഖകൾ ലഭ്യമായില്ല - 1047318/- രൂപ

തടസ്സം ചെയ്യുന്നു.

നിക്ഷേപ പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്ത് തൻ വർഷം ആകെ 1047318/- രൂപ ചെലവു ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ.

| പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച തുക | ബിൽ നം. തീയതി | ഫണ്ടിനം |
|---|---|---|---|
| 281/21 പൂവൻവിള മുതൽ മൂലൈതോട്ട വരെ പോസ്റ്റ് ഷിഫ്റ്റിംഗ് | 29544 | 25/11.9.20 – 19331<br>423230/11.9.20-10213 | സി.എഫ്.സി.<br>ഗുണഭോക്തൃ വിഹിതം |
| 294/21 പോസ്റ്റ് ഷിഫ്റ്റിംഗ് | 18151 | 44/27.03.2021 | സി.എഫ്.സി |
| 23/21 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 999623 | 3/27.05.2020 | സി.എഫ്.സി |
| ആകെ | 1047318 | | |

തുക കൈമാറിയ ശേഷം, ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി.യുമായി ചമച്ചിട്ടുള്ള കരാറിലെ ഖണ്ഡിക 17 ൽ 'പണി പൂർത്തീകരിച്ചു കഴിഞ്ഞാൽ ഫൈനൽ ബില്ലിന്റെ പകർപ്പ്, കംപ്ലീഷൻ റിപ്പോർട്ട്, പെർഫോമൻസ് റിപ്പോർട്ട് എന്നിവ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് നൽകുന്നതാണ്' എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇതുവരെയും പ്രസ്തുത രേഖകൾ കെ.എസ്.ഇ.ബി. കൈമാറിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14, 26) പ്രവൃത്തികൾ പൂർത്തീകരിച്ചതിനുള്ള രേഖകൾ (ഫൈനൽ ബില്ലിന്റെ പകർപ്പ് ഡീവിയേഷൻ സ്റ്റേറ്റ്മെന്റ് ഉൾപ്പടെ, കംപ്ലീഷൻ റിപ്പോർട്ട്, പെർഫോമൻസ് റിപ്പോർട്ട് തുടങ്ങിയവ) അടിയന്തിരമായി ലഭ്യമാക്കേണ്ടതും, പ്രവൃത്തികളുടെ കാര്യക്ഷമമായ പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്. മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതികൾക്കായി ചെലവു ചെയ്ത 1047318/- രൂപ തടസ്സം ചെയ്യുന്നു.

## 1-27 കൺവീനർ മുഖേന നടപ്പിലാക്കിയ പ്രവർത്തിയിൽ, വൌച്ചറുകൾ മുഖേനയുള്ള ചെലവിലധികം തുക അനുവദിച്ചും,ആവശ്യത്തിലധികം സാധനങ്ങൾ വാങ്ങിയും പ്രവർത്തി നടപ്പിലാക്കി-18,775/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

106/21 അംഗനവാടി മെയിൻന്റനൻസ്

ടി പ്രവർത്തിയിൽ 11.46.2 Specification പ്രകാരം വിട്രിഫൈഡ് ടൈൽ വിരിച്ചിട്ടുണ്ട്. കൺവീനർ വർക്കായിട്ടാണ് ടി പ്രവർത്തി നിർവ്വഹിച്ചിരിക്കുന്നത്.
നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

കൺവീനർ: ലീന

CI :37.93 %

ബിൽ നം .173/10.11.2020, 94826/-

TS No .80239/2020-21

Est Amount : 99665/-

Agreement No. 19/AE/LSGD/TPM/20-21, 28.10.2020

അപാകതകൾ ചുവടെ ചേർക്കുന്നു.

I. ബില്ലിനോടൊപ്പം സമർപ്പിച്ചിട്ടുള്ള വൌച്ചറുകൾ പരിശോധിച്ചതിൽ ആകെ 86,330/- രൂപയുടെ ചെലവ് രേഖകളാണ് ഉള്ളത്. എന്നാൽ എംബുക്ക് പ്രകാരം 94,826/- രൂപ നൽകിയിട്ടുണ്ട്.

Ii. എംബുക്ക് പേജ് നം 13 പ്രകാരം 26.62 $M^2$ Tile Work 1463.67/$m^2$ നിരക്കിൽ ചെയ്തതിന് 38,962.89/- രൂപ

അനുവദിച്ചിട്ടുണ്ട്. എന്നാൽ ഫയലിലെ ഇൻവോയിസ് നം 1830/28.10.2020 പ്രകാരം സ്ക്വയർഫീറ്റിന് 35/- രൂപ നിരക്കിലുള്ള ടൈൽസ് 580 എണ്ണം (ആകെ 580 സ്ക്വയർഫീറ്റ് ) 20300/-രൂപയ്ക്ക് വാങ്ങിയതായി ബിൽ സമർപ്പിച്ചിട്ടുണ്ട്. അപ്രകാരം ആകെ 580 സ്ക്വയർഫീറ്റ് Tiles (53.88 $M^2$) വാങ്ങിയിട്ടുണ്ട്. ഇതിൽ എംബുക്ക് പ്രകാരം 26.62 $M^2$ ടൈൽ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്.

അപ്രകാരം അധികം വാങ്ങിയ ടൈൽസിൽ അവശേഷിക്കുന്ന ടൈൽസിന്റെ ഉപയോഗം വ്യക്തമാക്കുന്നതിനായി 9.2.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-16 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതിൽ കൺവീനർ ബില്ലുകൾ തിരികെ വാങ്ങിയതിനാലാണ് ബാക്കി വൌച്ചറുകൾ ആയത് ഫയലിൽ ഇല്ലാത്തത് എന്നാണ്. അപാകത(2) നെ കുറിച്ച് മറുപടിയിൽ പ്രതിപാദിക്കുന്നില്ല.

26.62 $M^2$ Tile Work ചെയ്യുന്നതിന് 26.62* 1.025=27.28 $M^2$ Tiles ( DAR Specification 11.46.2 പ്രകാരം) മതിയാകുന്നതാണ്. ബിൽ പ്രകാരം 53.88 $M^2$ ടൈൽസ് വാങ്ങിയതിൽ 26.6 $M^2$ ടൈൽ അധികമായി (53.88 – 27.28) വാങ്ങിയതാണ്. അപ്രകാരം ടൈൽ ഇനത്തിൽ അധികം ചെലവായ തുക 10021/- രൂപയാണ് (26.6* 10.764* 35). അപ്രകാരം ടൈൽ ഇനത്തിലെ യഥാർഥ ചെലവ് 10,279/- രൂപ (20300 – 10021 ) മാത്രമാണ്. അതിനാൽ വൌച്ചറുകൾ പ്രകാരമുള്ള ആകെ ചെലവ് 76,051/- (86,330-10,279) രൂപ മാത്രമാണ്. എന്നാൽ എംബുക്ക് പ്രകാരം 94,826/- രൂപ നൽകിയതിനാൽ അധികം നൽകിയ 18,775/- രൂപയുടെ (94826 – 76051) ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ആയത് സംബന്ധിച്ച വിശദീകരണവും, രേഖകളും ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിരാകരണമായി മാറുന്നതാണ്.

## 1-28 ചെലവ് രേഖകൾ ഹാജരാക്കിയില്ല-തുക തടസപ്പെടുത്തുന്നു-1,40,062/- രൂപ

1. 149/21 കുമിളി ലക്ഷം വീട് കോളനി റോഡ് Side Concrete

എം ബുക്ക് നം. 50/20-21

Est No. 2020/107531

TS No. 69152/20-21

Agreement No. 74/AE/LSGD/TPM/20-21, 11.2.2021

കൺവീനർ : സുധ പി

Cost Index : 37.93 %

ബിൽ നം : 318/17.3.2021, 48084/-

2. 268/21 Side Concrete

എം ബുക്ക് നം. 39/20-21

Est No. 2020/113415

TS No. 69010/20-21,

Agreement No. 28/AE/LSGD/TPM/20-21, 28.10.2020

കൺവീനർ : വിജയകുമാരി

Cost Index : 37.93 %

ബിൽ നം : 276/19.2.2021, 49878/-

അപാകതകൾ ചുവടെ പറയുന്നു.

3. 280/21 പരിണയം പി എച്ച സി Interlock

എം ബുക്ക് നം. -

Est No. 2020/83517

TS No. 35093/20-21

Agreement No. 13/AE/LSGD/TPM/20-21 18.8.2020

കൺവീനർ : ഷെറിൻ പി വിജയൻ

Est Amt 49900

Cost Index : 37.93 %

ബിൽ നം : 166/9.11.2020 42100/-

ടി മൂന്ന് പ്രവർത്തികളിലും ചെലവ് സംബന്ധമായ ഒരു രേഖയും ഫയലിൽ ഉൾപ്പെത്തിയോ,ഓഡിറ്റ് വേളയിൽ ആവശ്യപ്പെട്ടിട്ടും ഹാജരാക്കുകയോ ചെയിതിട്ടില്ല. ആയത് ഹാജരാക്കുന്നതിന് 9.2.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.16 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതിൽ ഗുണഭോക്തൃ സമിതിയിൽ അവതരിപ്പിക്കുന്നതിന് രേഖകൾ തിരികെ വാങ്ങിയെന്നും ആയത് ലഭ്യമാക്കി ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 149/21 ൽ ചെലവായ 48084/-രൂപ, 268/21 ചെലവായ 49878/- രൂപ, 280/21 ചെലവായ 42100/- രൂപ ഉൾപ്പെടെ ആകെ 140062/-രൂപ ഓഡിറ്റ് തടസപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-29 പദ്ധതികൾ ചെറിയ തുകകൾക്ക് രൂപീകരിച്ച് ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കുന്നു-ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

2020-21 ൽ അസിസ്റ്റന്റ് എൻജിനീയർ വിഭാവനം ചെയ്ത 131 പ്രോജക്ടുകളിൽ 104 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. അതിൽ 54 എണ്ണം 50000/-രൂപയിൽ താഴെ ചെലവ് വരുന്ന ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ ചെറിയ പ്രവർത്തികളും,7 എണ്ണം 50000 മുതൽ 1 ലക്ഷം രൂപ വരെ ചെലവ് വരുന്ന പ്രവർത്തികളും 1-1.5 ലക്ഷം ചെലവ് വരുന്ന 10 പ്രവർത്തികളുമാണ്. ഭൂരിഭാഗം പ്രവർത്തികളും ഗുണഭോക്തൃ സമിതികളാണ് നടപ്പിലാക്കിയിരിക്കുന്നത്. നിർമ്മാണ പ്രവർത്തികൾ വിഭാവനം ചെയ്യുമ്പോൾ ചെറിയ തുകയുള്ള പ്രവർത്തികൾ രൂപീകരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിനായി 9.2.2022 തീയതി ഓഡിറ്റ് എൻക്വയറി നം.- 16 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതിൽ പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കുന്നതിന് കമ്മിറ്റിയെ പലപ്രാവശ്യം അറിയിച്ചിരുന്നു എന്നും അതിൻമേൽ അന്തിമ തീരുമാനം കൈകൊള്ളുന്നത് കമ്മിറ്റിയാണ് എന്നുമാണ്. ഭാവിയിൽ പദ്ധതി രൂപീകരണം നടത്തുമ്പോൾ ടി വിഷയം ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-30 എസ്റ്റിമേറ്റിലോ, എസ്റ്റിമേറ്റ് റിപ്പോർട്ടിലോ ,എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന ഭരണസമിതി തീരുമാനത്തിലോ പ്രതിപാദിക്കാത്ത Belt Concrete പ്രവർത്തി മതിൽ നിർമ്മാണത്തിൽ ഉൾപ്പെടുത്തി-തുക തടസപ്പെടുത്തുന്നു-5269.06/- രൂപ

പ്രോജക്ട് നം. 178/21 പുലവംഗൽ ശ്മശാനത്തിനു ചുറ്റുമതിൽ നിർമ്മാണം

എം ബുക്ക് നം. 1/20-21

Est No. 2019/2914

TS No. 118047/2018-19

Agreement No. 41/AE/LSGD/TPM/18-19 8.3.2019

കൺവീനർ-ഷിജു.എസ്.എസ്

എസ്റ്റിമേറ്റ് തുക-40000/-

Cost Index : 44.12 %

ബിൽ നം : 74/4.8.2020 38800/-
നിർവ്വഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

അപാകതകൾ ചുവടെ പറയുന്നു.

I. ഹാജരാക്കിയ ചെലവ് രേഖകൾ പ്രകാരം 36500/- രൂപയുടെ ചെലവ് മാത്രമാണ് ഉള്ളത്. എന്നാൽ 38800/- രൂപ അനുവദിച്ചിട്ടുണ്ട്.

2. ടി പ്രവൃത്തിയിൽ പുതിയതായി 6m നീളത്തിൽ മതിൽ കെട്ടുന്നതിന് Escavation നടത്തി DR ,RR എന്നിവ ചെയ്യുകയും, നിലവിലുണ്ടായിരുന്ന 9 M ബേസ്മെന്റ് പുതുക്കി RR നടത്തുകയും ആകെ 15 M നീളത്തിൽ Pcc Belt Concrete 0.75 $M^3$ അളവിൽ ചെയ്തിട്ടുണ്ട് (Page 4 Item 2). അതിന് Page 13 ൽ 7025.41/$m^3$ നിരക്കിൽ 5269.06/- നൽകുകയും ചെയ്തിട്ടുണ്ട്. 27.9.2019 ലെ 1/16 നമ്പർ തീരുമാനപ്രകാരം അധിക ഫണ്ടിന്റെ അപര്യപ്തതമൂലം നിലവിലുള്ള ബേസ്മെന്റ് നിലനിർത്തി അതിനു മുകളിൽ 1.5 M ഉയരത്തിൽ മതിൽ നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ 9m നീളത്തിൽ പുതിയതായി RR നടത്തി അതിനുമുകളിൽ Pcc Belt Concrete ഉൾപ്പെടുത്തി പ്രവർത്തി നിർവ്വഹിച്ചു. എന്നാൽ 15 M വരുന്ന മതിലിന് Pcc Belt Concrete ന്റെ ആവശ്യകത Estimate Report ലോ പ്രതിപാദിച്ചിട്ടില്ലാത്തതാകുന്നു. അതിനു മുകളിൽ 1.5 M ഉയരത്തിൽ Hollow Bricks Work മാത്രമാണ് നടന്നിട്ടുള്ളത്. മേൽ സാഹചര്യത്തിൽ Pcc Belt Concrete ഉൾപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 9.2.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നമ്പർ 16 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതിൽ, 6 M നീളത്തിൽ പുതിയ മതിൽ നിർമ്മിച്ച് (Foundation + Basement) നിലവിലുണ്ടായിരുന്ന 9m നീളത്തിൽ പഴയകെട്ടിന് മുകളിലായി Basementനിർമ്മിച്ചത് എന്നും, ഭാവിയിൽ

ടി ശ്മശാനം മതിൽ കെട്ടിപ്പൊക്കി കവർ ചെയ്ത് എടുക്കേണ്ട സാഹചര്യമായിരുന്നു എന്നും അതിനാലാണ് Belt Concrete ഉൾപ്പെടുത്തിയത് എന്നുമാണ്. എന്നാൽ 9 M നീളത്തിൽ പുതിയതായി RR പ്രവർത്തി നടത്തുകയും അതിന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആകെ നീളം വരുന്ന 15 M ൽ 1.5 M ഉയരത്തിൽ മതിൽ മാത്രമാണ് ഇവിടെ നിർമ്മിക്കുന്നത്. 15 M നീളത്തിൽ പുതിയതായി RR Work നടത്തിയശേഷം കേവലം 1.5 M ഉയരത്തിൽ Hollow Bricks ഉപയോഗിച്ച് മതിൽ നിർമ്മിക്കുന്നതിന് Pcc Belt Concrete ആവശ്യമുള്ളതാണെന്നും മാത്രവുമല്ല ഈ ഐറ്റം ഉൾപ്പെടുത്തുന്നതിന് ഭരണസമിതി തീരുമാനമോ,അതിനു ആവശ്യപ്പെടുന്ന Estimate റിപ്പോർട്ടോ ഇല്ലാത്തതാകുന്നു. ടി ഇനം (Belt Concrete) Original Estimate ലും ഉൾപ്പെട്ടിട്ടില്ലാത്തതാകുന്നു. മേൽ സാഹചര്യത്തിൽ, 15 M നീളത്തിൽ പുതിയതായി നടത്തിയ നിർമ്മാണ പ്രവർത്തിക്കു മുകളിൽ നടത്തിയ ടി നിർമ്മാണം അനാവശ്യ ചെലവ് വരുത്തുന്നതാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. Pcc Belt Concrete ഇനത്തിൽ ചെലവായ 5269.06/- രൂപ ഓഡിറ്റ് തടസപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ആയത് സംബന്ധിച്ച വിശദീകരണവും. ചെലവ് രേഖകളും ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിരാകരണമായി മാറുന്നതാണ്.

## 1-31 ഫർണ്ണിച്ചർ നിർമ്മാണത്തിന് ഉപയോഗിച്ച തടിയെ സംബന്ധിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല-തുക തടസപ്പെടുത്തുന്നു-3,51,565.51/- രൂപ

173/21 Improvement Of Panchayath Office Building

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എൻജിനീയർ
എം ബുക്ക് നം. 62/19-20
Est No. 2018/17890
TS No. 52770/18-19, 850000/-
Agreement No. 33/AE/LSGD/TPM/18-19, 24.10.2019
കരാറുകാരൻ : ചന്ദ്രമോഹനൻ
Cost Index : 44.42 %
1.11.2019 1(2) പ്രകാരം Estimate Revise ചെയ്തു
Od 406467/19-20 Chair 25 Nos-Rs: 9327.12/no 2,33,178/-
Od 406468/19-20 Table 2nos- Rs: 29545.71/no 59,091.41
Od 406468/19-20 Table 1 Nos- Rs: 25052.47/no 25,052.47
Od 406469/19-20 Dias 1 Nos – Rs: 34243.62 34,243.62

3,51,565.51/-

മേശ,കസേര,ഡയസ് നിർമ്മിക്കുന്ന ടി പ്രവർത്തികൾക്ക് മേൽ പറഞ്ഞ Observed Data പ്രകാരം Teak Wood ഉപയോഗിച്ചാണ് നിർമ്മാണം നടത്തിയിരിക്കുന്നത്. തേക്ക് തടി ഉപയോഗിച്ചുള്ള പ്രവർത്തികളായതിനാലാണ് ഉയർന്ന നിരക്ക് അനുവദിച്ചിട്ടുള്ളത്. എന്നാൽ നിർമ്മാണത്തിനുപയോഗിച്ച പ്രസ്തുത Timber, തേക്ക് ഇനത്തിലുള്ളതാണെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ലഭ്യമായതായി ഫയലിൽ കാണുന്നില്ല. സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഹാജരാക്കുന്നതിനായി 9.2.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 29 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ ഫർണ്ണിച്ചർ നിർമ്മാണത്തിനു ചെലവായ 3,51,565.51/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-32 ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയില്ല-29,02,576/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

ചുവടെ പറയുന്ന ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം | പ്രവർത്തിയുടെ പേര് | ചെലവ് തുക |
|---|---|---|---|
| 1 | 21/21 | കിഴക്കേമുറി വേളാങ്കണ്ണി കുരിശ്ശടി റോഡ്-സൈഡ് കോൺക്രീറ്റ് | 66607 |
| 2 | 24/21 | നെല്ലിവിള പ്ലാവുനിന്ന റോഡ് റീടാറിംഗ് | 338724 |
| 3 | 25/21 | കുറുമണൽ-കടവിള റോഡ് റീടാറിംഗ് | 338027 |
| 4 | 28/21 | താന്നിനിന്ന മാങ്കൂട്ടം റോഡ് ടാറിംഗ്,സൈഡ് കോൺക്രീറ്റ് | 339650 |
| 5 | 31/21 | പുലവംഗൽ അപ്പട്ടവിള റോഡ് റീടാറിംഗ് | 338557 |
| 6 | 32/21 | പുത്തൻകട പുല്ലിംഗൽ ചാനൽകര റോഡ് കോൺക്രീറ്റ് | 149947 |
| 7 | 34/21 | വീനസ് റോഡ് മുതൽ പ്ലാന്തോട്ടം വരെ കോൺക്രീറ്റ് | 225415 |
| 8 | 35/21 | പട്ട്യക്കാല കുരിശ്ശടി റോഡ് റീടാറിംഗ് | 113277 |
| 9 | 36/21 | മനവേലി തേരിവിള റോഡ് കോൺക്രീറ്റ് | 249689 |

| | | | |
|---|---|---|---|
| 10 | 142/21 | പുത്തൻകട ജി എൽ പി എസ് മെയിൻറ്റനൻസ് | 299648 |
| 11 | 210/21 | കിടാരക്കുഴി ഇലിപ്പനിന്ന നടപ്പാത കോൺക്രീറ്റ് | 49560 |
| 12 | 214/21 | AE യുടെ റൂം തിരിക്കൽ | 42960 |
| 13 | 215/21 | ഇലിപ്പക്കമണ്ണടി നടപ്പാത കോൺക്രീറ്റ് | 35541 |
| 14 | 216/21 | കഴിഞ്ഞാൻവിള റോഡ് കോൺക്രീറ്റ് | 70704 |
| 15 | 236/21 | ഇരുവൈക്കോണം കുളത്തിന്റെ സംരക്ഷണഭിത്തി കെട്ടൽ | 48173 |
| 16 | 241/21 | ഇരുവൈക്കോണം കാവിൻപുറം റോഡ് കോൺക്രീറ്റ് | 48319 |
| 17 | 253/21 | ഇരുവൈക്കോണം പോങ്ങിൽ റോഡ്-സൈഡ് കോൺക്രീറ്റ് | 49694 |
| 18 | 276/21 | പറയം വിള തേരി റോഡ്-സൈഡ് കോൺക്രീറ്റ് | 48651 |
| 19 | 296/21 | ഇരുവൈക്കോണം ഓലത്താന്നി റോഡ്-സൈഡ് കോൺക്രീറ്റ് | 49433 |
| | | ആകെ | 29,02,576/- |

ഫയലുകൾ ഹാജരാക്കുന്നതിനായി 9.2.2021 ന് ഓഡിറ്റ് റിക്വസിഷൻ നൽകിയിരുന്നു. തുടർന്നും ഫയൽ ഹാജരാക്കിയിട്ടില്ലാത്തതാകുന്നു. മേൽ സാഹചര്യത്തിൽ ടി ഇനത്തിലെ ആകെ ചെലവ് തുകയായ 29,02,576/- രൂപ ഓഡിറ്റ് തടസപ്പെടുത്തുന്നു. ഫയലുകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-33 കേസിൽ ഉൾപ്പെട്ട സ്ഥലത്ത് ടാറിംഗ് നടത്തി-പ്രവർത്തി പകുതിയിൽ ഉപേക്ഷിച്ചു

308/21 മുട്ടം താണി കുളങ്ങര വീട് റോഡ് റീ ടാറിംഗ് - വാർഡ് 8

എം ബുക്ക് നം. 361/2021

Est No. 2020/127350

TS No. 83531/20-21

Agreement No. 68/AE/LSGD/TPM/20-21 21.1.2021

കരാറുകാരൻ : പി വിജയൻ

Est Amt 291000/-

Cost Index : 37.93 %

Tender Below 12 %

ബിൽ നം : 321/19.3.2021 99101/-

353 M റോഡ് റീടാറിംഗ് നടത്തുന്നതിനാണ് 2020/127350 ആയി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. അതിൻ പ്രകാരം പ്രവർത്തി ആരംഭിക്കുകയും കേസ് നിലവിലുണ്ടെന്ന് പരാതി അറിയിച്ചതിനെ തുടർന്ന് പ്രവർത്തി നിർത്തിവക്കുകയുമാണുണ്ടായത്. 104 M വരുന്ന ഭാഗത്താണ് ടാറിംഗ് നടന്നിട്ടുള്ളത്. മുമ്പ് ടി റോഡിൽ നടന്ന ടാറിംഗ് പ്രവർത്തിയുമായി ബന്ധപ്പെട്ട്, നിർമ്മാണ പ്രവർത്തികൾ നടത്തുന്നത് OS 176/2009,31.7.2015 നമ്പർ ഉത്തരവ് പ്രകാരം ബഹു.കോടതി തടഞ്ഞിട്ടുള്ളതും ടാർ നീക്കം ചെയ്ത് കൊടുക്കുന്നതിന് ഉത്തരവായിട്ടുള്ളതുമാണ്. ആയത് സംബന്ധിച്ച് നിലവിൽ AS 13/2016 ആയി പഞ്ചായത്ത് അപ്പീൽ നൽകി കേസ് നടന്നു വരികയാണ്. ടി സ്ഥലത്ത് പദ്ധതി വച്ച് റോഡ് റീടാറിംഗ് നടത്തുകയും, പരാതി ഉയർന്നതിനെ തുടർന്ന് പ്രവർത്തികൾ പകുതിയിൽ നിർത്തുകയും, ചെലവായ തുക കരാറുകാരന് നൽകുകയും ചെയ്തതായി ഫയലിൽ കാണുന്നു. ഇപ്രകാരം കേസിൽ ഉൾപ്പെട്ട സ്ഥലത്ത് പ്രവർത്തി നടത്താനുണ്ടായ കാരണവും, ടി പ്രവർത്തിയുടെ നിലവിലെ സ്ഥിതി അറിയുന്നതിനായി 9.2.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നമ്പർ 17 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേസ് നിലവിലില്ലാത്ത ഭാഗത്താണ് ടാറിംഗ് നടത്തിയത് എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കേസിന്റെ നിലവിലെ സ്ഥിതി മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. കേസ് നിലനിൽക്കുന്ന തർക്കസ്ഥലത്ത് പ്രോജക്റ്റ് വച്ച് പ്രവർത്തി നടത്താൻ ശ്രമിച്ച് പകുതിയിൽ ഉപേക്ഷിക്കേണ്ടി വന്നത് തെറ്റായ പ്രവണതയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ പ്രോജക്റ്റ് രൂപീകരിക്കുമ്പോൾ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 എസ്കവേഷൻ പ്രവർത്തിക്ക് അനുവദനീയമായതിലും ഉയർന്ന നിരക്ക് നൽകി-1777.28രൂപ യുടെ ചെലവ് തടസപ്പെടുത്തുന്നു

240/21 ഊറ്റുകുഴി തോടിനു മുകളിൽ സ്ലാബ് നിർമ്മിക്കൽ

എം ബുക്ക് നം. 262/20-21

Est No. 2020/102254

Agreement No. 23/AE/LSGD/TPM/20-21, 28.10.2020

TS No. 60152/2020-21, 125000/-

കരാറുകാരൻ : അജേഷ്

Cost Index : 37.93%

Tender Below : 19.19%

ബിൽ നം : 311/10.3.2021, 50000/-

310/10.3.2021, 50381/-

ടി പ്രവർത്തിയിൽ 12.6 $M^3$ ഓടയും, 6.341 $M^3$ നടപ്പാത കോൺക്രീറ്റിനും എസ്കവേഷൻ നടത്തി പ്രവർത്തികൾ ചെയ്തിട്ടുണ്ട്. ഡ്രെയിൻ നിർമ്മാണത്തിനും നടപ്പാത കോൺക്രീറ്റിനുമുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.07/$m^3$(സ്പെസിഫിക്കേഷൻ കോഡ് -11.1.1.1).ആണ്. ഇത് എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ് എന്നതിനുള്ള നിരക്കാണ്. നടപ്പാത കോൺക്രീറ്റിനുമുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 240.5/$m^3$(Mord സ്പെസിഫിക്കേഷൻ കോഡ് -3.5.1) ആണ്. ഉയർന്ന നിരക്ക് അനുവദിച്ചത് അധികം നൽകാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു

| ഇനം/അളവ് | നൽകിയ നിരക്ക്(11.1.1.1)) | അനുവദനീയമായ നിരക്ക് (3.5.1) | അധികം നൽകിയ തുക |
|---|---|---|---|
| എസ്കവേഷൻ നടപ്പാത-6.341 $M^3$ (Limited To 5.686 M3)<br>ആകെ : 5.686 $M^3$ | 5.686 X 553.07 = 3144.75 | നടപ്പാത – 5.686 X 240.5 =1367.48 | 1777.28 |

ടി വിഷയത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് 9.2.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നമ്പർ 16 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതിൽ ഓടയും നടപ്പാതയും ഒരേ നിരക്കാണ് നൽകിയതെന്നും ഭാവിയിൽ ശ്രദ്ധിച്ചുകൊള്ളാം എന്നുമാണ്. എന്നാൽ അനുവദനീയമല്ലാത്ത നിരക്ക് നൽകിയത് വിശദീകരിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ടി ഇനത്തിൽ അധികം നൽകിയ തുകയായ 1777.28/- രൂപ ഓഡിറ്റ് തടസത്തിൽ വക്കുന്നു. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തടസം നിരാകരണമായി മാറുന്നതാണ്.

## 1-35 അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി.അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം, ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നതിന്റെ വിവരം, മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു, കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ അഞ്ചാം അധ്യായത്തിൽ ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കയ്യൊഴിയണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രാവർത്തികമാക്കിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി 10.2.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-30 നൽകിയിരുന്നു. ആയതിന് 11.2.2022 ൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് ഭരണസമിതിയെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 റോഡ് ബേം കോൺക്രീറ്റ് പ്രവർത്തികൾക്ക് ഫോം വർക്ക് ഉൾപ്പെടുത്തി-6717/- രൂപ

തുക തിരികെ അടവാക്കേണ്ടതാണ്

വിവിധ റോഡ് ബേം കോൺക്രീറ്റ് പ്രവർത്തികൾ പരിശോധിച്ചതിൽ,ഫോം വർക്ക് ഉൾപ്പെടുത്തിയാണ് പ്രവർത്തികൾ നിർവ്വഹിച്ചിരിക്കുന്നതെന്ന് കാണുന്നു.

A. 120/21, Kattilavila -Neduvam Mannadi Nadapatha Concrete

എം ബുക്ക് നം.13/20-21 , Page 7 ൽ 6.93 $M^3$ പ്രവർത്തി 6983.81/- രൂപ നിരക്കിൽ ചെയ്തിട്ടുണ്ട്.

Est No. 2020/102234

TS No. 70163/2020-21, 49900/-

Agreement No. 25/2020/AE/LSGD/TPM, 28.10.2020

കരാറുകാരൻ : Celine Rani

Cost Index : 37.93 %

ബിൽ നം : 182/18.12.2020, 49878/-

B. 112/21, Thazhe Kanjiravilakom Road Side Concrete

എം ബുക്ക് നം. 25 Page 3 ൽ 7.143 $M^3$ പ്രവർത്തി 6983.81/- രൂപ നിരക്കിൽ ചെയ്തിട്ടുണ്ട്.

Est No. 2020/102236

TS No. 69012/2020-21, 49900/-

Agreement No. 38/AE/LSGD/TPM/20-21, 3.11.2020

കരാറുകാരൻ : Sajukumar C G

Cost Index : 37.93%

ബിൽ നം : 190/18.12.2020, 49885/-

C. B. 62/21, Kannimathathu Perumthottam Road Side Concrete

എം ബുക്ക് Page 7 ൽ 6.71$m^3$ പ്രവർത്തി 6983.81/- രൂപ നിരക്കിൽ ചെയ്തിട്ടുണ്ട്.

Est No. 2020/72371

TS No. 22573/2020-21, 49500/-

Agreement No. 12/AE/LSGD/TPM/20-21, 18.8.2020

കരാറുകാരൻ : Pathrose T

Cost Index : 37.93%

ബിൽ നം : 133/22.9.2020, 49164/-

D. 149/21, Kumili Laksham Veedu Road Side Concrete

എം ബുക്ക് നം. -50 Page 9 ൽ 6.885 $M^3$ പ്രവർത്തി 6983.81/- രൂപ നിരക്കിൽ ചെയ്തിട്ടുണ്ട്.

Est No. 2020/107531

TS No. 69152/2020-21, 49900/-

Agreement No. 74/AE/LSGD/TPM/20-21, 11.2.2021

കരാറുകാരൻ : Sudha P

Cost Index : 37.93%

ബിൽ നം : 318/17.3.2021 48084/-

E. 268/21, Elanthottam Road Side Concrete

എം ബുക്ക് നം. 39/2021 Page 6 ൽ 6.93 $M^3$ പ്രവർത്തി 6983.81/- രൂപ നിരക്കിൽ ചെയ്തിട്ടുണ്ട്.

Est No. 2020/113415

TS No. 69010/2020-21, 49900/-

Agreement No. 28/AE/LSGD/TPM/20-21, 28.10.2020

കരാറുകാരൻ : Vijayakumari

Cost Index : 37.93%

ബിൽ നം : 276/19.22021 49878/-

F. 92/21, Therivila -Kurissadi Side Concrete

എം ബുക്ക് Page 4 ൽ 7.071 $M^3$ പ്രവർത്തി 6983.81/- രൂപ നിരക്കിൽ ചെയ്തിട്ടുണ്ട്.

Est No. 2020/75249

TS No. 28015/2020-21, 49900/-

Agreement No. 14/AE/LSGD/TPM/20-21, 18.8.2020

കരാറുകാരൻ : Sherin P Vijayan

Cost Index : 37.93%

ബിൽ നം : 134/22.9.2020 49383/-

G. 265/21, ആണ്ടിക്കടി -പ്ലാന്തോട്ടം Side Concrete

എം ബുക്ക് Page 6ൽ 6.93 $M^3$ പ്രവർത്തി 6983.81/- രൂപ നിരക്കിൽ ചെയ്തിട്ടുണ്ട്.

Est No. 2020/113419

TS No. 69007/2020-21, 49900/-

Agreement No. 29/AE/LSGD/TPM/20-21, 28.10.2020

കരാറുകാരൻ : Vijayakumari

Cost Index : 37.93%

ബിൽ നം : 227/8.1.2021 49878/-

H. 149/21 കുമിളി ലക്ഷം വീട് കോളനി റോഡ് Side Concrete

6.885 M3 Berm Concrete ന് ഫോംവർക്ക് ഉൾപ്പെടെയുള്ള നിരക്ക് (6983.8/$m^3$)നൽകി.

എം ബുക്ക് നം. 50/20-21

Est No. 2020/107531

TS No. 69152/20-21,49900/-

Agreement No. 74/AE/LSGD/TPM/20-21, 11.2.2021

കൺവീനർ : സുധ പി

Cost Index : 37.93 %

ബിൽ നം : 318/17.3.2021, 48084/-

ഫോം വർക്ക് ഇല്ലാതെ ടി പ്രവർത്തിക്ക് നൽകാവുന്ന നിരക്ക് ചുവടെ പറയുന്നു.

| Description | Unit | Quantity | Rate | Amount |
|---|---|---|---|---|
| Mate | Day | 7 | 407 | 2849 |
| Mason | Day | 5 | 487 | 2435 |
| Mazdoor | Day | 129 | 368 | 47472 |
| Bhisti | Day | 14 | 407 | 5698 |

| | | | | |
|---|---|---|---|---|
| Concrete Mixer .28/.4 Cum | Hour | 36 | 100 | 3600 |
| Needle Vibrator | Hour | 9 | 43.75 | 393.75 |
| Water Tanker 6kl Capacity | Hour | 5 | 200 | 1000 |
| 20mm Aggregate | Cum | 67.5 | 1403.77 | 94754.48 |
| Sand | Cum | 33.75 | 1303.77 | 44002.2 |
| Cement | Tonne | 24.75 | 5792.24 | 143357.94 |
| Water | Kilo Ltr | 18 | 13 | 234 |
| Total | | | | 345796.41 |
| Cost For 75 Cum | | | | 345796.41 |
| Cost For One Cum | | | | 4610.62 |
| Say | | | | 4610.62 |
| Add OH 10 % | | | | 461.06 |
| Add CP 0 % | | | | |
| Cost Index 37.93 % | | | | 1922.38 |
| Total With Cost Index | | | | 6835.08 |
| Say | | | | 6835.08 |

ഇപ്രകാരം 6835.08/- നിരക്ക് മാത്രമാണ് ടി പ്രവർത്തികൾക്ക് അനുവദിക്കാവുന്നത്. ടി പ്രവർത്തികളിൻ മേൽ അധികം അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | എംബുക്ക് നം | പ്രവർത്തിയുടെ അളവ് | നൽകിയ തുക(6983.81/- നിരക്കിൽ) | നൽകാവുന്ന തുക(6835.08/- നിരക്കിൽ) | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 120/21 | 13/20-21 | 6.93 $M^3$ | 48397.8 | 47367.1 | 1031 |
| 2 | 112/21 | 25/20-21 | 7.143 $M^3$ | 49885.35 | 48822.97 | 1062 |
| 3 | 62/21 | രേഖപ്പെടുത്തിയിട്ടില്ല | 6.71 $M^3$ | 46861.36 | 45863.38 | 998 |
| 4 | 149/21 | 50/20-21 | 6.885 $M^3$ | 46547.09 | 47059.52 | 512 |
| 5 | 268/21 | 39/2021 | 6.93 $M^3$ | 48397.8 | 47367.1 | 1031 |
| 6 | 92/21 | രേഖപ്പെടുത്തിയിട്ടില്ല | 7.071 $M^3$ | 49382.52 | 48330.85 | 1052 |
| 7 | 265/21, | രേഖപ്പെടുത്തിയിട്ടില്ല | 6.93 $M^3$ | 48397.8 | 47367.1 | 1031 |
| | | | | | | 6717/- |

മേൽ അപാകതകൾക്ക് 9.2.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നമ്പർ 16 മുഖാന്തിരം വിശദീകരണം തേടിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതിൽ റോഡ് ലെവലിൽ വ്യത്യാസം വരുന്നത് കൊണ്ടാണ് ഫോം വർക്ക് ഉൾപ്പെടുത്തിയത് എന്നാണ്. ടി പ്രവർത്തികൾ എല്ലാം തന്നെ 15 Cm ആഴത്തിൽ എസ്കവേഷൻ നടത്തിയതിനു ശേഷമാണ് 15 Cm കനത്തിൽ കോൺക്രീറ്റ് നടത്തിയിട്ടുള്ളത്.ആയതിനാൽ തന്നെ ഇവിടെ ഫോം വർക്കിന്റെ ആവശ്യമില്ലാത്തതാകുന്നു. അതിനാൽ ടി മറുപടി അംഗീകരിക്കുവാൻ കഴിയുന്നതല്ല. അതിനാൽ ടി ഇനത്തിൽ നൽകിയ 6717/- രൂപ തുക തിരികെ അടവാക്കേണ്ടതാണ്.

## 1-37 സ്റ്റീൽ വർക്കിന് ഉയർന്ന നിരക്കിനുള്ള ഡേറ്റ നൽകി-ഭാവിയിൽ അപാകത ഒഴിവാക്കേണ്ടതാണ്

206/21 മൃഗാശുപത്രി സബ്സെന്ററിനു ചുറ്റുമതിലും,ടോയിലറ്റും

എം ബുക്ക് നം. 353/19-20

Est No. 2020/19561

Agreement No. 61/AE/LSGD/TPM/20-21 6.12.2019

Contractor : Ajesh

Est Amt: 200000/-

Cost Index : 37.93 %

Tender Below 19.19 %

ബിൽ നം : 64/29.7.2020, 160506/-

24.1.2020 ലെ 1(3) തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

എം ബുക്ക് Page 15 Item 28 പ്രകാരം 10.16.1 Specificaton ൽ ഗേറ്റ് (77.739 Kg)നിർമ്മിച്ചിട്ടുണ്ട്. അതിന് Page 28 പ്രകാരം 124.48 രൂപ നിരക്കിൽ 9676.95 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഗേറ്റ് നിർമ്മിക്കുന്നതിന് നൽകാവുന്ന Specification DAR 10.25.2 ആണ്. അതിന് അനുവദിക്കാവുന്ന നിരക്ക് DAR 85.95 + 37.93 Cost Index ആണ്. ഇത്തരത്തിൽ ഉയർന്ന നിരക്ക് നൽകിയതിന് കാരണം വ്യക്തമാക്കുന്നതിനായി 9.2.2022 തീയതിയിൽ

ഓഡിറ്റ് എൻക്വയറി നം.- 16 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതിൽ ഗേറ്റ് വർക്കിന് 10.25.2 ഇനമാണ് നൽകേണ്ടിയിരുന്നതെന്നും ഭാവിയിൽ ഇത്തരം അപാകത വരാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ വിവിധ പ്രവർത്തികൾക്ക് നിരക്ക് നൽകുമ്പോൾ അപാകത വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 വീട്ടുവളപ്പിൽ പടുതാക്കുളം മൽസ്യകൃഷി പദ്ധതിയ്ക്ക് സബ്സിഡി അധികം നൽകി

ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിൽ പടുതാക്കുളം മൽസ്യകൃഷി എന്ന പദ്ധതി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം നടപ്പാക്കി.

| | |
|---|---|
| പദ്ധതിയുടെ പേരു നമ്പരും (165/20) | സുഭിക്ഷകേരളം പദ്ധതി - വീട്ടുവളപ്പിൽ പടുതാക്കുളം മൽസ്യകൃഷി |
| അടങ്കൽ തുക | 1722000/- |
| ചെലവ് തുക | 272480/- |
| ഫണ്ടിനം | വികസന ഫണ്ട് 356160/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് 257600/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട് 229600/- |

| | |
|---|---|
| | മറ്റുള്ളവ 878640/- |
| ബിൽ നം തീയതി | 1/2020-21, 27.3.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(സാധാ)നം.1009/2020/തസ്വഭവ. തീയതി 29.5.2020 പ്രകാരം പുറപ്പെടുവിച്ച സുഭിക്ഷ കേരളം സബ്സിഡി മാർഗ്ഗ രേഖ ഭേദഗതി അനുസരിച്ച് പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% സബ്സിഡി അനുവദിക്കാവുന്നതാണ്. ആയതിന്റെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണ സ്ഥാപനവും ഒരു വിഹിതം ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്. എന്നാൽ മൽസ്യതീറ്റ ഒഴികെയുള്ള ചെലവിന്റെ 40% സബ്സിഡിയായി വികസനഫണ്ടിൽ നിന്നും നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ ചെലവ് തുക | 40% സബ്സിഡി | പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കാവുന്ന സബ്സിഡി | ഫിഷറീസ് വകുപ്പ് നൽ കേണ്ട സബ്സിഡി | പ്ളാൻ ഫണ്ടിൽ നിന്നും നൽകിയ തുക |
|---|---|---|---|---|---|---|
| 1 | നന്ദു, സരോവരം, മുള്ളുവിള | 63969 | 25588 | 17059 | 8529 | 24520 |
| 2 | ഫിലോമിന എ ക്രൈസ്റ്റ് ഭവൻ,പൂവൻവിള | 63930 | 25572 | 17048 | 8524 | 24520 |
| 3 | ലാലി വർഗീസ്, ലാൽ വിഹാർ, പ്ലാന്തോട്ടം | 63612 | 25445 | 16963 | 8482 | 24520 |
| 4 | സാജൻ ജോസ് ജെ സി, ജെ സി നിവാസ്, തിരുപുറം | 71661 | 28664 | 19109 | 9554 | 24520 |
| 5 | ആൻസ ആനന്ദ്, നാലുകെട്ട്, തവ്വാവിള | 69308 | 27723 | 18482 | 9241 | 24520 |
| 6 | സജി കെ, ഹരിനിവാസ് | 69594 | 27838 | 18558 | 9279 | 25440 |
| 7 | സുനിത എ എൽ, ജി എസ് വില്ല, മണലിക്കടവ് | 64924 | 25970 | 17313 | 8657 | 25440 |
| 8 | സ്റ്റീഫൻ എസ്, മനവേലി വീട്, പരണിയം | 65960 | 26384 | 17589 | 8795 | 25440 |
| 9 | സിന്ദു എം ഐ, ചന്ദ്രാലയം അപ്പട്ടുവിള | 62858 | 25143 | 16762 | 8381 | 24520 |
| 10 | ഷിബു കെ എസ്, കുഴിഞ്ഞാൻ വിള | 62412 | 24965 | 16643 | 8322 | 24520 |
| 11 | ജാൻസി റാണി, സി ജി എസ് ഭവൻ, എട്ടുക്കുറ്റി | 64530 | 25812 | 17208 | 8604 | 24520 |

വികസന ഫണ്ടിൽ നിന്നും അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 10.02.2022 ൽ നൽകിയ ഓഡിറ്റ്

അന്വേഷണം നം.33 ന് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ഫിഷറീസ് വകുപ്പിൽ നിന്നും ലഭ്യമാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

2. ഈ പദ്ധതിയ്ക്കുള്ള ഗുണഭോക്താക്കളെ വാർഡ് മെമ്പർമാർ മുഖേന തിരഞ്ഞെടുത്ത് ആനുകൂല്യം നൽകിയിരിക്കുന്നു. ഗുണഭോക്തൃ പട്ടികയും ആനുകൂല്യം അനുവദിച്ച വ്യക്തികളുടെ പട്ടികയും ഗ്രാമസഭ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണെന്ന് 6.10.2020 ലെ ഭരണസമിതി യോഗത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നിർദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം അംഗീകാരം നേടിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3. പദ്ധതി അടങ്കൽതുക 1722000/- ആയിരിക്കേ ചെലവ് പത്രിക പ്രകാരം പഞ്ചായത്ത് വിഹിതമായി വികസന ഫണ്ടിൽ നിന്നും 272480/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മറ്റ് ഫണ്ടുകളുടെ വരവ് ചെലവ് വിവരങ്ങൾ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. ഗുണഭോക്താക്കളുമായി ഏർപ്പെട്ട കരാറിൽ മൂന്ന് വർഷം പദ്ധതി നടപ്പാക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. നിലവിൽ എല്ലാ ഗുണഭോക്താക്കളും മൽസ്യകൃഷി തുടരുന്നുണ്ടോ ഓരോ യൂണിറ്റിൽ നിന്നും എല്ലാ വർഷവും 1000 മൽസ്യങ്ങൾ വീതം ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ എന്നിവ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

മേൽ അപാകതകൾക്ക് മറുപടിയും പദ്ധതിയുടെ മോണിറ്ററിംഗ്, പ്രവർത്തന റിപ്പോർട്ടുകളും ഹാജരാക്കേണ്ടതാണ്.

## 1-39 പാഥേയം - പദ്ധതി നടത്തിപ്പിലെ അപാകതകൾ -674640/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം - 27/2020-21 (സ്പിൽ ഓവർ)

പ്രോജക്റ്റിന്റെ പേര് - പാഥേയം പദ്ധതി

അടങ്കൽ - 1742400 ( 696960- പൊതുവിഭാഗം (സാ.ധാ)

1045440 – ജില്ലാ പഞ്ചായത്ത് വിഹിതം )

ചെലവ് - 674640 ( ബിൽ നം 1/17.04.20)

നിർവഹണ ഉദ്യോഗസ്ഥ- വി ഇ ഒ (എ) സർക്കിൾ

പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. സ്പിൽ ഓവർ പ്രോജക്റ്റുകൾക്കൊപ്പം അംഗീകാരത്തിനായി സമർപ്പിക്കുന്ന സ്പിൽ ഓവർ പ്രോജക്റ്റ് ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ: സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ, ഭരണസമിതിയുടെ അംഗീകാരം എന്നീ പ്രധാന വിവരങ്ങൾ ഫോറത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

2. തിരുപുറം ഗ്രാമപഞ്ചായത്ത് കുടുംബശ്രീയും തിരുവനന്തപുരം ജില്ലാ പഞ്ചായത്തും സംയുക്തമായി നടപ്പിലാക്കുന്ന പാഥേയം പദ്ധതിയിലേയ്ക്കുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിൽ 123 ( 63ജനറൽ +60 എസ് സി ) പേർ ഉൾപ്പെട്ടിട്ടുണ്ട്. ബിൽ നമ്പർ 1 പ്രകാരം 674640/- രൂപ എഫ് ആർ എസ് കാറ്ററിംഗ് യൂണിറ്റ് എന്ന സ്ഥാപനത്തിന് നൽകിയിരിക്കുന്നു. എന്നാൽ സ്ഥാപനവുമായി നിർവഹണ ഉദ്യോഗസ്ഥ (കുടുംബശ്രീ മെമ്പർ സെക്രട്ടറി ) കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രോജക്റ്റ് പ്രകാരം എത്ര ദിവസം എത്ര ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകി എന്ന് തെളിയിക്കുന്ന ബിൽ, വൌച്ചർ, കൈപ്പറ്റ് തുടങ്ങി ചെലവിനാധാരമായ രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. തുകയുടെ കൈപ്പറ്റ് രസീത് മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ആവശ്യമായ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രോജക്റ്റ് നിർവഹണം നടത്താൻ നിർവഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്. മതിയായ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുക 674640/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-40 മുൻകാല ഓഡിറ്റ് റിക്കവറി - പരാമർശിത തുകകൾ തനത് ഫണ്ടിലേയ്ക്ക് അടവാക്കി

വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന ക്ഷേമപെൻഷനുകൾ സംബന്ധിച്ച തുകകൾ ഖണ്ഡിക പ്രകാരമുള്ള നഷ്ടോത്തരവാദിയായ ശ്രീ ഗോപകുമാർ 22.12.2020 ൽ (രസീത് നം 120070101795) തനത് ഫണ്ടിലേയ്ക്ക് അടവാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | ഒടുക്കിയ തുക |
|---|---|---|
| 2010-11 | 3.1(എ) | 24120 |
| 2011-12 | 3-1(എ) (ബി)(സി) | 15060 |

| | | |
|---|---|---|
| 2010-11 | 3-5(എ) | 2415 |
| 2011-12 | 3-3 | 8190 |
| 2011-12 | 3-4 | 945 |
| ആകെ | | 50730 |

ടി തുക തിരികെ ഒടുക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ട് സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാലാണ് തുക ബന്ധപ്പെട്ട അക്കൗണ്ടിൽ തിരികെ ഒടുക്കാതിരുന്നതെന്നും ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൌണ്ട് സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമാകുന്നതിന് ബഹു ജില്ലാ കളക്ടർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസർക്കും കത്ത് നൽകിയിട്ടുണ്ടെന്നും സ്പഷ്ടീകരണം ലഭ്യമാകുന്ന മുറയ്ക്ക് ടി തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7) മറുപടി ലഭ്യമാക്കിയിരുന്നു.

തുക ബന്ധപ്പെട്ട ഹെഡുകളിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | സുലേഖ എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അടങ്കൽ | സുലേഖ എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | കേദാരം നെൽകൃഷി വികസനം 93/21 | 136000 | 68000 |
| | | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 75/21 | 242250 | 242250 |
| | | ലൈഫ് ഭവനനിർമ്മാണം 16/21 | 3500000 | 265186 |
| | | ന്യൂ ലൈഫ് ലക്ഷം വീട് കോളനി നവീകരണം | 320000 | 200000 |
| | | ലൈഫ് ഭവനനിർമ്മാണം എസ്.സി.പി. 77/21 | 4000000 | 542000 |
| | | ക്ഷീരസമൃദ്ധി പാലിനി സബ്സിഡി വനിത 29/21 | 456786 | 456786 |
| | | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി വനിത 42/21 | 270750 | 200000 |
| | | ക്ഷീരസമൃദ്ധി പാലിനി സബ്സിഡി ജനറൽ 43/21 | 100000 | 60000 |
| | ആകെ | | | 2034222 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | കേദാരം നെൽകൃഷി വികസനം 93/21 | 136000 | 68000 |
| | | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 75/21 | 242250 | 242250 |

| | | | | |
|---|---|---|---|---|
| | | ലൈഫ് ഭവനനിർമ്മാണം 16/21 | 2500000 | 1306000 |
| | | ന്യൂ ലൈഫ് ലക്ഷം വീട് കോളനി നവീകരണം | 160000 | 100000 |
| | | ക്ഷീരസമൃദ്ധി പാലിനി സബ്സിഡി വനിത 42/21 | 270750 | 270750 |
| | | ക്ഷീരസമൃദ്ധി പാലിനി സബ്സിഡി ജനറൽ 43/21 | 100000 | 100000 |
| | ആകെ | | | 2087000 |

വാർഷിക കണക്കുകൾ ആർ പി. 40(ബി) പ്രകാരം റ്റി.എസ്. ബി. ജോയിന്റ് വെൻച്വർ അക്കൗണ്ടിലെ നീക്കിയിരുപ്പ് 10,47,401/- രൂപയാണ്. ഇത് ഏതൊക്കെ ഏജൻസികളിൽ നിന്ന ലഭിച്ചതാണെന്ന വ്യക്തമല്ല. ആയതു വിശദമാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ 23/21 | 999623 | 0 | 999623 | |
| 2 | കെ.എസ്.ഇ.ബി | പൂവൻവിള മുതൽ മൂലൈതോട്ടം വരെ പോസ്റ്റ് ഷിഫ്റ്റിംഗ് 281/21 | 29544 | 0 | 29544 | 10213 ഗുണഭോക്താക്കളിൽ നിന്നും ശേഖരിച്ചതുൾപ്പെടെ |
| 3 | കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് - വാർഡ്14 294/21 | 18151 | 0 | 18151 | |
| ആകെ | | | 1047318 | 0 | 1047318 | |

| | 18-19 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | 19-20 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 1399938 | 999623* | 1399938 | 0 | 2399561 |
| കെ.ഡബ്ല്യു.എ | 503000 | 0 | 503000 | 0 | 503000 |

* തൻവർഷം ആകെ 1047318/- രൂപ നിക്ഷേപ പ്രവൃത്തികൾക്കായി കൈമാറിയിട്ടുണ്ടെങ്കിലും 999623/- രൂപ മാത്രമാണ് വാർഷിക കണക്കിൽ ബന്ധപ്പെട്ട ഹെഡിൽ ഉൾപ്പെടുത്തിയത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നം./തീയതി | തൻവർഷ വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക (തൻവർഷ ബി5 പ്രകാരം) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | സ.ഉ.(എം.എസ്) നം. 68/18 തസ്വഭവ തീയതി 18.05.2018 | 1760000 | 24168450 | 2019372 | | 23927738 * |

(* 1760000+24168450-2019372 =23909078)

ലൈഫ് വായ്പാ/വായ്പാ തിരിച്ചടവ് വിശദാംശങ്ങൾ പൊരുത്തപ്പെടാത്തത് ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21) മറുപടി ലഭ്യമാക്കിയില്ല. 31.03.2021 ലെ വായ്പാ കുടിശ്ശികയിലെ വ്യത്യാസത്തിനു കാരണം പരിശോധിച്ച മറുപടി ലഭ്യമാക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ലഭ്യമായില്ല

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 6,68,78,689 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,20,22,052 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 52,48844 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-8-1 | 26,021 | ശ്രീ.രമേഷ്.ജി സെക്രട്ടറി |

| | | |
|---|---|---|
| 1-22 | 81,840 | ശ്രീ.രമേഷ്.ജി<br>സെക്രട്ടറി |
| 1-26 | 29,544<br>18,151<br>9,99,623 | ശ്രീ.രമേഷ് ജി., സെക്രട്ടറി<br>ശ്രീ.നൗഷാദ് എസ്, സെക്രട്ടറി<br>ശ്രീ.രമേഷ് ജി., സെക്രട്ടറി |
| 1-27 | 18,775 | ശ്രീമതി ഗ്രീഷ്മ.എ.വി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 1,40,062 | ശ്രീമതി ഗ്രീഷ്മ.എ.വി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 5,269 | ശ്രീമതി ഗ്രീഷ്മ.എ.വി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-31 | 3,51,566 | ശ്രീമതി ഗ്രീഷ്മ.എ.വി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-32 | 29,02,576 | ശ്രീമതി ഗ്രീഷ്മ.എ.വി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-34 | 1,777 | ശ്രീമതി ഗ്രീഷ്മ.എ.വി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-39 | 6,74,640 | ശ്രീമതി മിനിമോൾ.ടി.എ<br>വി ഇ ഒ |
| ആകെ | 52,48844 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസ വും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രമേഷ് ജി,<br>സെക്രട്ടറി | - | ശ്രീ.രമേഷ് ജി, ലക്ഷ്മി കോട്ടേജ്,<br>സ്റ്റുഡിയോ റോഡ്, നേമം പി ഒ |
| ശ്രീ.നൗഷാദ് എസ്,<br>സെക്രട്ടറി | - | ഉമൈഫ മൻസിൽ, ആലുനിന്ന വിള,<br>മണലൂർ, നെയ്യാറ്റിൻകര പി ഒ |
| ശ്രീമതി ഗ്രീഷ്മ എ വി,<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | - | ശ്രീമതി ഗ്രീഷ്മ എ വി,<br>ചിത്രം, മുല്ലൂർ, മുല്ലൂർ പി ഒ |
| ശ്രീമതി മിനിമോൾ റ്റി എം,<br>വി ഇ ഒ, എ സർക്കിൾ | വി ഇ ഒ, തിരുപുറം ഗ്രാമപഞ്ചായത്ത് | ശ്രീമതി മിനിമോൾ റ്റി എം,<br>ജോയ് ഭവൻ, മുതുവല്ലൂർക്കോണം,<br>നരുവാമൂട് പി. ഒ, പള്ളിച്ചൽ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 1 | |
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 4 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 3 | |

| | | | |
|---|---|---|---|
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 1 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 2 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 4 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 9 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 8 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 7 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 4 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 6 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/2027/16 തീയതി 24.11.2017 | 8 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1640/17 തീയതി 11.01.2018 | 24 | |
| 2017-18 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/2095/2018 | 4 | |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/321/2019 തീയതി 04.06.2020 | 7 | |
| 2019-20 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/665/2021 തീയതി 31.03.2021 | 25 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്